17
2021
നവംബർ
ബുധൻ
1197
വൃശ്ചികം 2

NAUTICAL TIMES
KERALA

The National Daily in Malayalam / English

# നോട്ടിക്കൽ ടൈംസ് കേരള

e-mail: nauticaltimeskerala@gmail.com
RNI.Reg.No.KERBIL/2018/77391

തിരുവനന്തപുരം | Thiruvananthapuram | web: www. nauticaltimesmedia.com | Volume-3, Issue No. 187 Page 4, | Price: Rs. 2 | പുസ്തകം-3 ലക്കം-187 | പേജ് 4. വില 2.00 രൂപ




02 കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള കെട്ടിടങ്ങൾ നിർമിക്കും : മന്ത്രി

03 അയ്യപ്പ ഭക്തർക്കായി കെഎസ്ആർടിസിയുടെ ചാർട്ടേർഡ് ട്രിപ്പുകൾ

04 തുടർ വർഷങ്ങളിലും വെർച്വൽ ഓണാഘോഷ പരിപാടി സംഘടിപ്പിക്കും: മന്ത്രി മുഹമ്മദ് റിയാസ്

# സിഎജിക്കെതിരേ വിമർശനവുമായി മുഖ്യമന്ത്രി



തിരുവനന്തപുരം: കിഫ്ബി വിവാദത്തിൽ സിഎജിക്കെതിരെ പരോക്ഷ വിമർശനവുമായി മുഖ്യമന്ത്രി പിണറായി വിജയൻ. സാഡിസ്റ്റ് മനോഭാവമുള്ള ചിലർ കിഫ്ബിയെ തകർക്കാൻ ശ്രമിക്കുന്നുവെന്നാണ് രാജ്ഭവനിൽ ചാൻസലേഴ്സ് അവാർഡ് ദാന ചടങ്ങിൽ മുഖ്യമന്ത്രിയുടെ പരാമർശം.

തുടക്കം കുറിച്ചതിലൊന്നും ഈ സർക്കാർ മുട്ടുമടക്കില്ല. കേരളം ഒരിഞ്ച് പോലും മുന്നേറാതിരിക്കാനാണ് ചിലർ ശ്രമിക്കുന്നത്. അൽപം പിറകോട്ട് പോയാൽ അവർക്ക് അത്രയും സന്തോഷമാണ്. ഉന്നത വിദ്യാഭ്യാസത്തിനായി കിഫ്ബി സഹായം ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി പറഞ്ഞു.

സിഎജിയെ വിമർശിച്ച് സംസ്ഥാന ധനമന്ത്രി കെ.എൻ. ബാലഗോപാലും രംഗത്തെത്തിയിരുന്നു. കിഫ്ബിയിലെ സിഎജി റിപ്പോർട്ട് വിവാദമുണ്ടാക്കാനുള്ള ശ്രമമാണ്. വിവാദങ്ങൾ വികസനങ്ങളെ ബാധിക്കുന്ന രീതിയിലാകരുത്. പുറത്തുവന്നത് കരട് റിപ്പോർട്ട് പോലുമല്ലെന്ന് ഓർക്കണം. നടപടിക്രമങ്ങൾ അനുസരിച്ച് കാര്യങ്ങൾ പുറത്തുവരണമെന്നും ധനമന്ത്രി പറഞ്ഞു.

# കേരളത്തിലെ സർവകലാശാലകളെ ഭാവികാലത്തിനായി സജ്ജമാക്കണം: ഗവർണർ



അടിസ്ഥാന സൗകര്യങ്ങളും ഗുണനിലവാരവും സേവനവും മെച്ചപ്പെടുത്തി ഭാവികാലത്തിനു പര്യാപ്തമാകും വിധം സംസ്ഥാനത്തെ സർവകലാശാലകളെ സജ്ജമാക്കണമെന്നു ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ. പൊതുവിദ്യാഭ്യാസ മേഖലയിലേതുപോലെ കേരളത്തിന്റെ ഉന്നതവിദ്യാഭ്യാസ മേഖലയും മെച്ചപ്പെടേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണെന്നും അദ്ദേഹം പറഞ്ഞു. രാജ്ഭവനിൽ ചാൻസലേഴ്സ് പുരസ്കാരദാന ചടങ്ങിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

കേരളത്തിൽനിന്നു മിടുക്കരായ വിദ്യാർഥികൾ ഉപരിപഠനത്തിനായി പുറത്തുള്ള സർവകലാശാകളിലേക്കും സ്ഥാപനങ്ങളിലേക്കും വൻതോതിൽ കുടിയേറുന്ന സ്ഥിതിക്കു മാറ്റമുണ്ടാക്കണമെന്നു ഗവർണർ പറഞ്ഞു. കേരളത്തിന്റെ ഭാവി സാധ്യതകൾ ഉന്നതവിദ്യാഭ്യാസ മേഖലയുടെ മുന്നോട്ടുപോക്കിനെ ആശ്രയിച്ചാണിരിക്കുന്നത്. നിലവിലുള്ള പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കപ്പെടണം. ഭൗതികവും സാഹിത്യപരവും കലാപരവും ധാർമ്മികവും നീതിശാസ്ത്രപരവുമായ പാരമ്പര്യവും സാങ്കേതിക നൈപുണ്യവും തലമുറകളിലൂടെ കൈമാറ്റം ചെയ്യുന്ന മാധ്യമമാണ് സർവകലാശാല. ഇതു രാജ്യ പുരോഗതിക്ക് അത്യന്താപേക്ഷിതമാണ്.

നമ്മുടെ സാംസ്കാരിക പൈതൃകങ്ങളുടെ ഭാഗമായ മൂല്യബോധം പ്രദാനം ചെയ്യുക എന്നത് സർവകലാശാലകളുടെ ഒരു പ്രധാന ധർമമാണ്. കോവിഡിനു ശേഷം ഓൺലൈൻ ഡിജിറ്റലി എനേബിൾഡ് വിദ്യാഭ്യാസ രീതിയിലൂടെ പഠനവും അധ്യാപനവും സമന്വയിപ്പിക്കാൻ കേരളത്തിനു കഴിഞ്ഞിട്ടുണ്ട്. എല്ലാവർക്കും ഇന്റർനെറ്റ് എന്ന ലക്ഷ്യത്തോടെ നടപ്പാക്കുന്ന കേരള ഫൈബർ ഒപ്റ്റിക് നെറ്റ്വർക്ക് പൂർത്തിയാകുന്നതോടെ വിദ്യാഭ്യാസ രംഗത്തെ സാങ്കേതികവിദ്യയുടെ പ്രയോഗത്തിൽ ഉത്തേജനമുണ്ടാക്കാനാകും. സർവകലാശാലാ പഠന വിഭാഗങ്ങളിൽ ഓൺലൈൻ എക്സാമിനേഷൻ സംവിധാനം രൂപപ്പെടുത്താൻ കഴിയണം. ഫലപ്രാപ്തി വിദ്യാഭ്യാസത്തിനനുസൃതമായി ഓൺലൈൻ ക്ലാസുകൾ നടത്തുന്നതിനാവശ്യമായ അധ്യാപക പരിശീലനം നൽകേണ്ടതുണ്ടെന്ന് ഗവർണർ പറഞ്ഞു.

സർവകലാശാലകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് സാമൂഹ്യ നീതിയും ഗുണമേ യും ഉറപ്പാക്കണമെന്ന് ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തിയ ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ. ബിന്ദു അഭിപ്രായപ്പെട്ടു. ഉന്നത വിദ്യാഭ്യാസ രംഗത്തെ ശാക്തീകരണമാണ് ഈ സർക്കാരിന്റെ പ്രധാന ഉദ്ദേശലക്ഷ്യങ്ങളിലൊന്നെന്നും മന്ത്രി പറഞ്ഞു. 2019, 2020 വർഷങ്ങളിൽ മൾട്ടിഡിസിപ്ലിനറി, സ്പെഷ്യലൈസ്ഡ്, എമർജിങ്ങ് യംങ് സർവകലാശാല എന്നി വിഭാഗങ്ങളിൽ തെരഞ്ഞെടുക്കപ്പെട്ട സർവകലാശാലകൾക്കാണ് അവാർഡുകൾ നൽകിയത്.

2019 ലെ മികച്ച സർവകലാശാലയ്ക്കുള്ള ചാൻസിലേഴ്സ് അവാർഡ് കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയും, എമർജിങ്ങ് യംങ് സർവകലാശാലയ്ക്കുള്ള അവാർഡ് കേരള വെറ്ററിനറി സർവകലാശാലയും ഏറ്റുവാങ്ങി. 2020 ലെ മികച്ച സർവകലാശാലയ്ക്കുള്ള അവാർഡ് കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാലയും മഹാത്മഗാന്ധി സർവകലാശാലയും പങ്കിട്ടു. സ്പെഷ്യലൈസ്ഡ് വിഭാഗത്തിൽ കേരള കാർഷിക സർവകലാശാലയാണ് അവാർഡ് നേടിയത്. ഭാരത് രത്ന പ്രൊഫ. സി.എൻ.ആർ.റാവുവിന്റെ നേതൃത്വത്തിലുള്ള ഒമ്പതംഗ കമ്മിറ്റിയാണ് അവാർഡ് ജേതാക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള ശുപാർശ ഗവർണർക്ക് സമർപ്പിച്ചത്. പ്രശസ്തി പത്രവും ട്രോഫിയും ഉൾപ്പെടെ മികച്ച സർവകലാശാലയ്ക്ക് അഞ്ചു കോടി രൂപയും, സ്പെഷ്യലൈസ്ഡ് സർവകലാശാലയ്ക്ക് ഒരു കോടി രൂപയും അടങ്ങുന്നതാണ് അവാർഡ്.

ഉന്നത വിദ്യാഭ്യാസ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. വി വേണു, ഉന്നത വിദ്യാഭ്യാസ കൗൺസിൽ വൈസ് ചെയർമാൻ പ്രൊഫ. രാജൻ ഗുരുക്കൾ, മെമ്പർ സെക്രട്ടറി ഡോ. രാജൻ വറുഗ്ഗീസ്, സർവകലാശാലകളിലെ വൈസ് ചാൻസിലർമാരായ പ്രൊഫ. സാബു തോമസ് (മഹാത്മാഗാന്ധി), പ്രൊഫ. കെ.എൻ മധുസൂദനൻ (കൊച്ചിൻ യൂണിവേഴ്സിറ്റി), ഡോ. ആർ. ചന്ദ്രബാബു (കാർഷികം), പ്രൊഫ. എം.ആർ ശശീന്ദ്രനാഥ് (വെറ്ററിനറി), ഡോ. മഹാദേവൻ പിള്ള (കേരള), ഡോ. സജി ഗോപിനാഥ് (ഡിജിറ്റൽ), ഡോ. ധർമ്മരാജ് അഡാട്ട് (സംസ്കൃതം) തുടങ്ങിയവർ പങ്കെടുത്തു.

# കേരള രാജ്യാന്തര ചലച്ചിത്രമേള ഫെബ്രുവരി നാല് മുതൽ

തിരുവനന്തപുരം: ഡിസംബറിൽ നടക്കേണ്ട കേരള രാജ്യാന്തര ചലച്ചിത്രമേള ഫെബ്രുവരിയിലേക്ക് മാറ്റി. 2022 ഫെബ്രുവരി നാല് മുതൽ 11 വരെയാകും ഈ വർഷത്തെ ചലച്ചിത്ര മേള നടക്കുക. തിരുവനന്തപുരത്തെ 12 ഓളം തിയറ്ററുകളിലായാണ് ചലച്ചിത്ര മേള നടക്കുന്നത്. മേളയുടെ ഉദ്ഘാടനം നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും.

എല്ലാ വർഷവും ഡിസംബറിലാണ് ചലച്ചിത്ര മേള നടന്നിരുന്നത്. എന്നാൽ കോവിഡ് വ്യാപനത്തിൻറെ പശ്ചാത്തലത്തിൽ കഴിഞ്ഞ ജൂലൈയിൽ നടത്താൻ കഴിയാതിരുന്ന രാജ്യാന്തര ഡോക്കുമെൻററി ഹ്രസ്വചിത്രമേള ഡിസംബറിൽ നടത്തേണ്ടതിനാലും തിയറ്ററുകൾ സജ്ജമല്ലാത്തതുമാണു മേള അടുത്ത വർഷത്തേക്കു മാറ്റാനിടയാക്കിയതെന്നാണ് അധികൃതർ വ്യക്തമാക്കുന്നത്.

## എം.എ. ലത്തീഫിനെതിരേ കൂടുതൽ അന്വേഷണത്തിന് കെപിസിസി സമിതി

തിരുവനന്തപുരം: അച്ചടക്ക നടപടിയുമായി ബന്ധപ്പെട്ടു പാർട്ടിയിൽ നിന്നു സസ്പെൻഡ് ചെയ്ത് കെപിസിസി മുൻ സെക്രട്ടറി എം.എ.ലത്തീഫിനെതിരേ കൂടുതൽ അന്വേഷണം നടത്താൻ കെപിസിസി സമിതിയെ ചുമതലപ്പെടുത്തി.

ലത്തീഫിനെതിരേ സ്വീകരിച്ച അച്ചടക്ക നടപടികളുമായി ബന്ധപ്പെട്ടു കൂടുതൽ വിവരങ്ങൾ അന്വേഷിച്ച് റിപ്പോർട്ട് നൽകുന്നതിനായി കെപിസിസി ജനറൽ സെക്രട്ടറിമാരായ ടി.യു.രാധാകൃഷ്ണൻ, പി.എം.നിയാസ് എന്നിവരെ ചുമതലപ്പെടുത്തിയതായി കെപിസിസി പ്രസിഡൻറ് കെ.സുധാകരൻ അറിയിച്ചു.

ഉമ്മൻ ചാണ്ടിയുടെ തിരുവനന്തപുരത്തെ അടുത്ത അനുയായി ആയി അറിയപ്പെട്ടിരുന്ന ലത്തീഫിനെതിരേ ഗുരുതര പരാതികളാണ് കെപിസിസി നേതൃത്വത്തിന് ലഭിച്ചിട്ടുള്ളത്.

# സ്ത്രീകളുടെ യാത്രാ സുരക്ഷിതത്വത്തിന് 'നിർഭയ' പദ്ധതി ഉടൻ തുടങ്ങും: മന്ത്രി ആന്റണി രാജു

യാത്രവേളയിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സുരക്ഷിതത്വം ഉറപ്പുവരുത്താൻ ആവിഷ്കരിച്ച നിർഭയ പദ്ധതി ഉടൻ നടപ്പിലാക്കാൻ ഗതാഗത മന്ത്രി ആന്റണി രാജുവിന്റെ അധ്യക്ഷതയിൽ ചേർന്ന ഉന്നതതല യോഗം തീരുമാനിച്ചു. മുഴുവൻ പൊതു ഗതാഗത വാഹനങ്ങളിലും ലൊക്കേഷൻ ട്രാക്കിങ് സിസ്റ്റവും എമർജൻസി ബട്ടനും സ്ഥാപിച്ച് 24 മണിക്കൂറും നിരീക്ഷണത്തിലാക്കി രാത്രികാലങ്ങളിൽ ഉൾപ്പെടെ യാത്രയിൽ സ്ത്രീകൾക്ക് നേരെയുള്ള അതിക്രമങ്ങൾ തടയാൻ ലക്ഷ്യമിട്ടുള്ള പദ്ധതിയാണിത്. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ സഹകരണത്തോടെ കേരളത്തിൽ സംസ്ഥാന മോട്ടോർ വാഹന വകുപ്പാണ് പദ്ധതി നടപ്പാക്കുന്നത്. സ്ത്രീകളുടെയും പെൺകുട്ടികളുടെയും യാത്രാ സുരക്ഷിതത്വത്തിന്റെ പ്രാധാന്യം കണക്കിലെടുത്ത് പദ്ധതി വേഗം ആരംഭിക്കാൻ മന്ത്രി നിർദ്ദേശം നൽകി. ഗതാഗത വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി കെ.ആർ ജ്യോതിലാൽ, ട്രാൻസ്പോർട്ട് കമ്മിഷണർ എം.ആർ അജിത് കുമാർ, സിഡാക്കിലെയും ഗതാഗത വകുപ്പിലെയും ഉന്നത ഉദ്യോഗസ്ഥർ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ഐഎസ്ആർഒ ചാരക്കേസ്: സിബി മാത്യൂസിൻറെ മുൻകൂർ ജാമ്യ കാലാവധി നിശ്ചയിച്ചതു റദ്ദാക്കി

കൊച്ചി: ഐഎസ്ആർഒ ചാരക്കേസിൻറെ ഗൂഢാലോചനയുമായി ബന്ധപ്പെട്ട് സിബിഐ രജിസ്റ്റർ ചെയ്ത കേസിലെ പ്രതി മുൻ ഡിജിപി സിബി മാത്യൂസിനു മുൻകൂർ ജാമ്യം അനുവദിച്ചപ്പോൾ വിചാരണക്കോടതി 60 ദിവസത്തേക്കെന്ന കാലാവധി നിശ്ചയിച്ചതു ഹൈക്കോടതി നീക്കി.

മുൻകൂർ ജാമ്യത്തിന് സമയപരിധി നിശ്ചയിച്ച തിരുവനന്തപുരം സെഷൻസ് കോടതി ഉത്തരവിനെതിരെ കേസിലെ നാലാം പ്രതിയായ സിബി മാത്യൂസ് നൽകിയ ഹർജിയിൽ ജസ്റ്റീസ് കെ. ഹരിപാലിൻറേതാണ് ഉത്തരവ്. ഹർജിക്കാരനെ കസ്റ്റഡിയിൽ ചോദ്യം ചെയ്യേണ്ടത് അനിവാര്യമാണെന്ന് വ്യക്തമാക്കാൻ സിബിഐയ്ക്ക് പുതിയ രേഖകളോ വസ്തുതകളോ ഹാജരാക്കാൻ കഴിഞ്ഞില്ലെന്ന് സിംഗിൾ ബെഞ്ച് വിലയിരുത്തി.

സിബി മാത്യൂസ് അന്വേഷണവുമായി സഹകരിക്കുന്നില്ലെന്നും പരാതിയില്ല. കേസിലെ മറ്റു പ്രതികൾക്ക് സമയപരിധി നിശ്ചയിക്കാതെ തന്നെ മുൻകൂർ ജാമ്യം നൽകിയിട്ടുമുണ്ട്. ഈ സാഹചര്യത്തിൽ ഹർജിക്കാരന് അനുവദിച്ച മുൻകൂർ ജാമ്യത്തിന് 60 ദിവസമെന്ന സമയപരിധി നിശ്ചയിച്ചതു നീക്കുകയാണെന്നും വിധിയിൽ പറയുന്നു

# നവവരനെ തട്ടിക്കൊണ്ടു പോയി മർദിച്ച സംഭവം: ആറു പേർ കസ്റ്റഡിയിൽ

കോട്ടക്കൽ: വിവാഹമോചനം ആവശ്യപ്പെട്ട് ഭാര്യയുടെ ബന്ധുക്കൾ നവവരനെ തട്ടിക്കൊണ്ടു പോയി മർദിച്ച സംഭവത്തിൽ ഭാര്യയുടെ ബന്ധുക്കൾ അറസ്റ്റിൽ. കോട്ടയ്ക്കൽ ചങ്കുവെട്ടി എടക്കണ്ടൻ അബ്ദുൾ അസീസിൻറെ മകൻ അബ്ദുൾ അസീബിനെ കേസിലാണ് അറസ്റ്റ്. അറസ്റ്റിലായവരിൽ മുസ്തഫ, മജീദ്, അബ്ദുൾ ജലീൽ, ഷഫീഖ് എന്നിവരും ഉൾപ്പെടുന്നു.

സ്വകാര്യ സ്ഥാപനത്തിലെ ജീവനക്കാരനായിരുന്നു അബ്ദുൾ അസീബ്. ഇയാളെ അവിടെ നിന്നും തട്ടിക്കൊണ്ടുപോയി ഭാര്യ വീട്ടിലെത്തിച്ച് വിവാഹമോചനത്തിനായി നിർബന്ധിച്ചെങ്കിലും അബ്ദുൾ അസീബ് തയാറായില്ല. തുടർന്നു ഭാര്യയുടെ ബന്ധുക്കൾ ചേർന്നു മർദിച്ച് അവശനാക്കി എന്നാണ് പരാതി.

വാരിയെല്ലിനും ജനനേന്ദ്രിയത്തിനും ഗുരുതര പരിക്കേറ്റ യുവാവിനെ കോട്ടയ്ക്കലിലെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചിരിക്കുകയാണ്. ഒന്നരമാസം മുന്പായിരുന്നു യുവാവിൻറെ വിവാഹം. യുവാവ് മോശമായി പെരുമാറിയെന്ന പരാതിയെത്തുടർന്നാണു ഭാര്യയുടെ ബന്ധുക്കൾ വിവാഹമോചനം ആവശ്യപ്പെട്ടത്.

നേരത്തെ കേസ് ഒത്തുതീർപ്പാക്കാൻ ശ്രമം നടന്നിരുന്നെങ്കിലും ഫലവത്തായിരുന്നില്ല.

# വധുവിൻെറ അമ്മ പ്രതിയായതുകൊണ്ട് വിവാഹത്തിൽ പങ്കെടുക്കാതിരിക്കാനാവില്ല: മന്ത്രി ആർ. ബിന്ദു

തിരുവനന്തപുരം: കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസ് പ്രതിയുടെ മകളുടെ വിവാഹത്തിൽ പങ്കെടുത്ത സംഭവത്തിൽ വിശദീകരണവുമായി ഉന്നത വിദ്യാഭ്യാസ മന്ത്രി ആർ.ബിന്ദു. ദീർഘകാല സുഹൃത്തായ ലതാ ചന്ദ്രൻറെ മകൻറെ വിവാഹത്തിലാണ് താൻ പങ്കെടുത്തത്. വരൻ തൻറെ വിദ്യാർഥിയാണ്, അവർ പാർട്ടി കുടുംബമാണെന്നും മന്ത്രി പറഞ്ഞു.

കരുവന്നൂർ ബാങ്ക് തട്ടിപ്പ് കേസിൽ ഒളിവിൽ കഴിയുന്ന പ്രതി അമ്പിളി മഹേഷിൻറെ മകളുടെ വിവാഹത്തിലാണ് മന്ത്രി പങ്കെടുത്തത്. വധുവിൻറെ അമ്മ പ്രതിയാണെന്ന് കരുതി വിവാഹത്തിൽ പങ്കെടുക്കാതിരിക്കാൻ സാധിക്കില്ലെന്നും മന്ത്രി പറഞ്ഞു. അത്തരം കല്യാണങ്ങളിൽ ഇനിയും പങ്കെടുക്കും. വിഷയത്തിൽ മാധ്യമങ്ങൾ നൈതികത പാലിക്കണമെന്നും മന്ത്രി ആവശ്യപ്പെട്ടു.

കേസിൽ ബാങ്ക് സെക്രട്ടറിയും പ്രസിഡൻറും ഉൾപ്പെടെയുള്ളവർ നേരത്തെ അറസ്റ്റിലായിരുന്നു. കേസിൽ അമ്പിളി മഹേഷ് ഉൾപ്പെടെ രണ്ട് ഭരണസമിതി അംഗങ്ങളേയും മുഖ്യപ്രതിയായ കിരണിനേയുമാണ് ഇനി പിടികൂടാനുള്ളത്. ഇതിനിടെയാണ് അമ്പിളി മഹേഷിൻറെ മകളുടെ വിവാഹം ഇരിങ്ങാലക്കുടയിൽ നടന്നത്.

# തീർഥാടനം സുഗമമാക്കും, ബുക്ക് ചെയ്തിരിക്കുന്നത് 13 ലക്ഷം പേർ: മന്ത്രി രാധാകൃഷ്ണൻ

## മഴയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം എത്രയും വേഗം പൂർത്തിയാക്കും

ശബരിമല: ശബരിമല മണ്ഡല, മകരവിളക്കു കാലത്ത് ദർശനത്തിനായി നിലവിൽ 13 ലക്ഷം പേർ വെർച്വൽ ക്യൂ മുഖേന ബുക്ക് ചെയ്തിട്ടുള്ളതായി മന്ത്രി കെ. രാധാകൃഷ്ണൻ. ജലനിരപ്പ് ഉയർന്നിരിക്കുന്നതിനാൽ പന്പാ സ്നാനം നിരോധിച്ചിരിക്കുകയാണ്. ശക്തമായ മഴയിൽ തകർന്ന പന്പയിലെ ഞുണങ്ങാർ പാലം പുനർനിർമിക്കുന്നതിനു നടപടി സ്വീകരിക്കും. പ്രകൃതിക്ഷോഭം മൂലം തീർഥാടനവുമായി ബന്ധപ്പെട്ട നിർമാണ പ്രവർത്തനങ്ങളിൽ തടസങ്ങൾ നേരിട്ടിരുന്നു. എന്നാൽ, ഇതിനെ അതിജീവിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകാനായെന്നും മന്ത്രി പറഞ്ഞു.

മഴയിൽ തകർന്ന റോഡുകളുടെ പുനരുദ്ധാരണം എത്രയും വേഗം പൂർത്തിയാക്കും. പ്രകൃതിക്ഷോഭത്തിൻറെ പശ്ചാത്തലത്തിൽ മതിയായ മുൻകരുതലുകൾ എടുത്ത് തീർഥാടനം പൂർത്തിയാക്കനാകും. കൂടുതൽ ഭക്തർ വന്നു തുടങ്ങുന്നതിന് അനുസരിച്ച് നിലവിൽ ഉപയോഗിക്കുന്ന സ്വാമി അയ്യപ്പൻ റോഡിന് പുറമെ നീലിമല, അപ്പാച്ചിമേട് വഴിയുള്ള പരന്പരാഗത ശബരിമല പാത മല ഇറങ്ങുന്നതിനായി തുറന്നുകൊടുക്കുന്നത് പരിഗണിക്കും. അതാത് സമയത്തെ സ്ഥിതി വിലയിരുത്തി ആവശ്യമായ മാറ്റങ്ങൾ വരുത്തുമെന്നും മന്ത്രി പറഞ്ഞു.

എംഎൽഎമാരായ പ്രമോദ് നാരായൺ, കെ.യു. ജനീഷ് കുമാർ, തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡൻറ് കെ. അനന്തഗോപൻ, ബോർഡ് അംഗങ്ങളായ പി.എം. തങ്കപ്പൻ, മനോജ് ചരളേൽ, എഡിജിപി എസ്. ശ്രീജിത്ത്, ശബരിമല എഡിഎം അർജുൻ പാണ്ഡ്യൻ, സന്നിധാനം പോലീസ് കൺട്രോളർ എ.ആർ. പ്രേം കുമാർ, ശബരിമല എക്സിക്യൂട്ടീവ് ഓഫീസർ കൃഷ്ണകുമാർ വാര്യർ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ അവലോകനയോഗവും ശബരിമലയിൽ ചേർന്നു.



മൺട്രോതുരുത്തിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിക്കുന്ന മന്ത്രി കെ. എൻ. ബാലഗോപാൽ

# ഭാവിയിൽ, ഡാറ്റ ചരിത്രത്തെ നിർണ്ണയിക്കും



സിഎജി, രാജ്യങ്ങളുടെ അക്കൗണ്ടുകൾ അടയാളപ്പെടുത്തി സൂക്ഷിക്കുക മാത്രമല്ല, ഉൽപ്പാദനക്ഷമതയിലും കാര്യക്ഷമതയിലും മൂല്യവർദ്ധന നടത്തുകയും ചെയ്യുന്നു, അതിനാൽ ഓഡിറ്റ് ദിനത്തിലെ ചർച്ചകളും അനുബന്ധ പരിപാടികളും നമ്മുടെ മെച്ചപ്പെടുത്തലിന്റെയും ഗുണപ്പെടുത്തലിന്റെയും ഭാഗമാണെന്ന് സമ്മേളനത്തെ അഭിസംബോധന ചെയ്തുകൊണ്ട് പ്രഥമ ഓഡിറ്റ് ദിവസ് ആഘോഷിക്കുന്ന ചടങ്ങിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി സംസാരിച്ചു. ചടങ്ങിൽ സർദാർ വല്ലഭായ് പട്ടേലിന്റെ പ്രതിമയും അദ്ദേഹം അനാച്ഛാദനം ചെയ്തു. കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ ശ്രീ ഗിരീഷ് ചന്ദ്ര മുർമു ഉൾപ്പെടെയുള്ളവർ ചടങ്ങിൽ പങ്കെടുത്തു.

പ്രാധാന്യത്തോടെ വളരുകയും കാലക്രമേണ ഒരു പാരമ്പര്യം സൃഷ്ടിക്കുകയും ചെയ്ത ഒരു സ്ഥാപനമാണ് സിഎജി. മഹാത്മാഗാന്ധി, സർദാർ പട്ടേൽ, ബാബാസാഹേബ് അംബേദ്കർ എന്നിവർക്ക് ആദരാഞ്ജലികൾ അർപ്പിച്ച പ്രധാനമന്ത്രി, വലിയ ലക്ഷ്യങ്ങൾ എങ്ങനെ സ്ഥാപിക്കാമെന്നും അവ നേടാമെന്നും മഹാന്മാരായ ഈ നേതാക്കൾ നമ്മെ പഠിപ്പിച്ചുവെന്നും പറഞ്ഞു.

രാജ്യത്ത് ഓഡിറ്റിങ്ങിനെ ആശങ്കയോടെയും ഭയത്തോടെയും കണ്ടിരുന്ന ഒരു കാലമുണ്ടായിരുന്നുവെന്ന് പ്രധാനമന്ത്രി പറഞ്ഞു. 'സിഎജിയും ഗവൺമെന്റും പരസ്പരം എതിരാണെന്നത് നമ്മുടെ സംവിധാനത്തിന്റെ പൊതു ചിന്തയായി മാറിയിരുന്നു. എന്നാൽ, ഇന്ന് ഈ ചിന്താഗതി മാറിയിരിക്കുന്നു. മൂല്യവർദ്ധനയുടെ ഒരു പ്രധാന ഭാഗമായാണ് ഇന്ന് ഓഡിറ്റ് പരിഗണിക്കുന്നത്.

നേരത്തെ, ബാങ്കിംഗ് മേഖലയിൽ സുതാര്യത ഇല്ലാത്തതിനാൽ, വിവിധ തെറ്റായ രീതികൾ പിന്തുടർന്നിരുന്നുവെന്ന് പ്രധാനമന്ത്രി അഭിപ്രായപ്പെട്ടു. ബാങ്കുകളുടെ നിഷ്‌ക്രിയ ആസ്തി വർധിച്ചുകൊണ്ടിരുന്നു എന്നതായിരുന്നു ഫലം. "പണ്ട്, എൻപിഎകൾ എങ്ങനെയാണ് മൂടിവച്ചിരുന്നതെന്ന് നിങ്ങൾക്ക് നന്നായി അറിയാം. എന്നിരുന്നാലും, മുൻ ഗവണ്മെന്റുകളുടെ പരമാർഥമാണ് ഞങ്ങൾ തികഞ്ഞ സത്യസന്ധതയോടെ രാജ്യത്തിന് മുന്നിൽ വെച്ചത്. പ്രശ്നങ്ങൾ തിരിച്ചറിഞ്ഞാലേ പരിഹാരം കാണൂഅദ്ദേഹം പറഞ്ഞു.

സർക്കാർ സർവ്വം' എന്ന ചിന്താഗതി കുറയുന്ന, നിങ്ങളുടെ ജോലിയും എളുപ്പമായിക്കൊണ്ടിരിക്കുന്ന ഒരു സംവിധാനമാണ് ഞങ്ങൾ ഇന്ന് ഉണ്ടാക്കുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു, പ്രധാനമന്ത്രി ഓഡിറ്റർമാരോട് പറഞ്ഞു. ഇത് 'മിനിമം ഗവൺമെന്റ് മാക്സിമം ഗവേണൻസ്' അനുസരിച്ചാണ്. "സമ്പർക്കമില്ലാത്ത നടപടിക്രമങ്ങൾ , സ്വയമേവയുള്ള പുതുക്കലുകൾ, മുഖരഹിത വിലയിരുത്തലുകൾ, സേവന പ്രദാന ത്തിനുള്ള ഓൺലൈൻ അപേക്ഷകൾ. ഈ പരിഷ്കാരങ്ങളെല്ലാം ഗവണ്മെന്റിന്റെ അനാവശ്യ ഇടപെടൽ അവസാനിപ്പിച്ചു," അദ്ദേഹം കൂട്ടിച്ചേർത്തു.

ഫയലുകൾ കൊണ്ട് പരക്കം പായുന്ന തിരക്കുള്ള ഒരു വ്യക്തിയുടെ പ്രതിച്ഛായയെ സിഎജി മറികടന്നതിൽ പ്രധാനമന്ത്രി സന്തോഷം പ്രകടിപ്പിച്ചു.

ആധുനിക നടപടിക്രമങ്ങൾ സ്വീകരിച്ച് സിഎജി അതിവേഗം മാറിയെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടി. ഇന്ന് നിങ്ങൾ വിപുലമായ അനലിറ്റിക്സ് ടൂളുകളും ജിയോ സ്പേഷ്യൽ ഡാറ്റയും സാറ്റലൈറ്റ് ഇമേജറിയും ഉപയോഗിക്കുന്നു" നൂറ്റാണ്ടിലെ ഏറ്റവും വലിയ പകർച്ചവ്യാധിയെക്കുറിച്ച് സംസാരിച്ച പ്രധാനമന്ത്രി, അതിനെതിരായ രാജ്യത്തിന്റെ പോരാട്ടവും അസാധാരണമാണെന്ന് ചൂണ്ടിക്കാട്ടി. ഇന്ന് നാം ലോകത്തിലെ ഏറ്റവും വലിയ വാക്സിനേഷൻ പ്രോഗ്രാം നടത്തുന്നു. ഏതാനും ആഴ്ചകൾക്ക് മുമ്പ് രാജ്യം 100 കോടി വാക്സിൻ ഡോസുകൾ എന്ന നാഴികക്കല്ല് കടന്നതായി അദ്ദേഹം അറിയിച്ചു. ഈ മഹത്തായ പോരാട്ടത്തിൽ ഉയർന്നുവന്ന സമ്പ്രദായങ്ങൾ സിഎജിക്ക് പഠിക്കാമെന്ന് അദ്ദേഹം നിർദ്ദേശിച്ചു. പഴയ കാലങ്ങളിൽ കഥകളിലൂടെയാണ് വിവരങ്ങൾ കൈമാറിയിരുന്നതെന്ന് പ്രധാനമന്ത്രി പറഞ്ഞു. കഥകളിലൂടെയാണ് ചരിത്രം രചിക്കപ്പെട്ടത്. എന്നാൽ ഇന്ന് 21ാം നൂറ്റാണ്ടിൽ, ഡാറ്റ വിവരമാണ്, വരും കാലങ്ങളിൽ നമ്മുടെ ചരിത്രവും ഡാറ്റയിലൂടെ കാണുകയും മനസ്സിലാക്കുകയും ചെയ്യും. ഭാവിയിൽ, ഡാറ്റ ചരിത്രം നിർണ്ണയിക്കും, അദ്ദേഹം ഉപസംഹരിച്ചു.

# ശബരിമല ദർശനത്തിനെത്തുന്ന എല്ലാ തീർത്ഥാടകർക്കും സുഗമമായ ദർശനം സാധ്യമാക്കുക ലക്ഷ്യം: മന്ത്രി കെ.രാജൻ

പത്തനംതിട്ട: ശബരിമല ദർശനത്തിനെത്തുന്ന എല്ലാ തീർത്ഥാടകർക്കും സുഗമമായ ദർശനം സാധ്യമാക്കുകയാണ് സംസ്ഥാന സർക്കാർ ലക്ഷ്യമെന്ന് റവന്യു വകുപ്പ് മന്ത്രി കെ.രാജൻ പറഞ്ഞു. ശബരിമല തീർഥാടനത്തോട് അനുബന്ധിച്ച് അടിയന്തര ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വകുപ്പുതല പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമായി സംസ്ഥാന ദുരന്തനിവാരണ അതോറിട്ടിയുടെയും പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിട്ടിയുടെയും നേതൃത്വത്തിൽ ആരംഭിച്ച മൂന്ന് എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ ഉദ്ഘാടനം പമ്പയിൽ നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി.

കാലാവസ്ഥ പ്രതികൂലമായി തുടരുന്ന സാഹചര്യത്തിൽ സംസ്ഥാന സർക്കാർ നൽകുന്ന അറിയിപ്പുകളുമായി ജനങ്ങൾ പൂർണമായും സഹകരിക്കണം. മൂന്നു ദിവസത്തേക്ക് ഓൺലൈൻ ബുക്ക് ചെയ്ത ശബരിമല തീർഥാടകർ സുരക്ഷയെക്കരുതി അവരുടെ വരവ് ഒഴിവാക്കിയാൽ ഈ മാസം 18ന് ശേഷം ഒരാഴ്ചക്കാലം ഇതേ ടിക്കറ്റ് ഉപയോഗിച്ച് ശബരിമല ദർശനം നടത്താം. ഈ ഘട്ടത്തിൽ സർക്കാർ നൽകുന്ന ഓരോ മുന്നറിയിപ്പുകളും എല്ലാവരും ശ്രദ്ധിക്കണമെന്നും മന്ത്രി അഭ്യർഥിച്ചു.

പമ്പയിൽ ട്രാക്ടർ സംവിധാനം സമയബന്ധിതമായി ക്രമീകരിക്കും. മഴ തുടരുന്നതിനാലും പമ്പയാറിലെ നീരൊഴുക്ക് ശക്തമായതിനാലും അടുത്ത മൂന്നു ദിവസം പമ്പാസ്നാനം അനുവദിക്കുന്നതല്ല. അവ വ്യക്തമാക്കുന്ന മുന്നറിയിപ്പുകളും ബോർഡുകളും സ്ഥാപിക്കും.

കോവിഡ് കാലഘട്ടമായതുകൊണ്ട് തന്നെ എല്ലാവരും സാമൂഹിക അകലം പാലിക്കുകയും സാനിറ്റൈസർ, മാസ്ക് എന്നിവ ഉപയോഗിക്കുകയും വേണം. ശബരിമല തീർത്ഥാടനത്തോടനുബന്ധിച്ച് പ്രധാനപ്പെട്ട മൂന്ന് പ്രശ്നങ്ങളാണുള്ളത്. 194 ശതമാനം അധിക മഴയാണ് ജില്ലയിൽ ഇതുവരെ ലഭിച്ചിട്ടുള്ളത്.

എല്ലായിടവും മണ്ണ് കുതിർന്നു നിൽക്കുന്നതിനാൽ മണ്ണിടിച്ചിലിനുള്ള സാധ്യതയും ഉണ്ട്. കക്കി ഡാം തുറന്നതും കഠിനമായ മഴയും കാരണം പമ്പയിൽ ശക്തമായ വെള്ളമാണുള്ളത്. ഉൾമേഖലയിൽ ഉരുൾ പൊട്ടുന്നത് അറിയാൻ വൈകുന്നതും പ്രശ്നമാണ്. മറ്റൊരു ന്യൂനമർദ്ദം രൂപപ്പെട്ട് വടക്കുപടിഞ്ഞാറൻ മേഖലയിലേക്ക് 50 കിലോമീറ്റർ വേഗതയിൽ കാറ്റായി വീശുമെന്ന അറിയിപ്പും ലഭിച്ചിട്ടുണ്ട്. അത്തരത്തിലുള്ള ഒരുക്കങ്ങളാണ് പത്തനംതിട്ട ജില്ലയിൽ നടന്നുകൊണ്ടിരിക്കുന്നതെന്നും മന്ത്രി പറഞ്ഞു. ശബരിമല തീർഥാടനത്തോട് അനുബന്ധിച്ച് അടിയന്തര ദുരന്തനിവാരണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും വകുപ്പുതല പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമായി സംസ്ഥാന ദുരന്തനിവാരണ അതോറിട്ടിയുടെയും പത്തനംതിട്ട ജില്ലാ ദുരന്തനിവാരണ അതോറിട്ടിയുടെയും നേതൃത്വത്തിൽ മൂന്ന് എമർജൻസി ഓപ്പറേഷൻ സെന്ററുകളാണ് ആരംഭിച്ചത്. പമ്പ, നിലയ്ക്കൽ, സന്നിധാനം എന്നിവടങ്ങളിലാണ് സെന്ററുകൾ പ്രവർത്തിക്കുന്നത്. ഇവയുടെ സുഗമമായ പ്രവർത്തനത്തിന് 10 ലക്ഷം രൂപ സംസ്ഥാന സർക്കാർ വകയിരുത്തിയിട്ടുണ്ട്.


ശബരിമല അഡീഷണൽ മജിസ്ട്രേറ്റിനാണ് എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ ചുമല. സാറ്റലൈറ്റ് ഫോൺ, വോക്കി ടോക്കി, ഫോൺ കണക്ഷൻ, ഇന്റർനെറ്റ് കണക്ഷൻ, ഹോട്ട്ലൈൻ, ഹണ്ട് ലൈൻ, അസ്കാ ലൈറ്റുകൾ, മൈക്രോഫോണുകൾ, ലൈഫ് ജാക്കറ്റ്, ലൈഫ്ബോയ്, സെർച്ച് ലൈറ്റ് എന്നിവയാണ് എമർജൻസി ഓപ്പറേഷൻ സെന്ററുകളിൽ ഉണ്ടാകുക.

കാലാവസ്ഥ ഉയർത്തുന്ന പ്രതിസന്ധിയിലും സർക്കാരിന്റെ എല്ലാവകുപ്പുകളും ഉദ്യോഗസ്ഥരും ജനപ്രതിനിധികളും മന്ത്രിമാരും ശബരിമല തീർഥാടനം സുഗമമാക്കുവാൻ പൂർണ്ണസജ്ജമായി പ്രവർത്തിക്കുകയാണ്. മുഖ്യമന്ത്രി തന്നെ നേരിട്ട് ഓരോ വകുപ്പുകളുടെ പ്രവർത്തനവും വിലയിരുത്തുന്നുണ്ട്.പത്തനംതിട്ട ജില്ലയ്ക്ക് മതമായി സമഗ്രമായ ദുരന്തനിവാരണ പദ്ധതി തയ്യാറാക്കുമെന്നും മന്ത്രി പറഞ്ഞു.

എമർജൻസി ഓപ്പറേഷൻ സെന്ററുകളുടെ ഉദ്ഘാടനത്തിന് മുന്നോടിയായി ശബരിമല തീർഥാടനം സുരക്ഷിതമാക്കുന്നതിനുള്ള ദുരന്തനിവാരണ പ്രവർത്തികൾ വിലയിരുത്തുന്നതിനായി റവന്യൂ മന്ത്രി കെ.രാജന്റെ അധ്യക്ഷതയിൽ പ്രത്യേകയോഗവും ചേർന്നു.

അഡ്വ.പ്രമോദ് നാരായൺ എംഎൽഎ, ജില്ലാ കളക്ടർ ഡോ.ദിവ്യ എസ് അയ്യർ, ജില്ലാ പോലീസ് മേധാവി ആർ.നിശാന്തിനി, ശബരിമല എഡിഎം അർജുൻ പാണ്ഡ്യൻ തുടങ്ങിയവർ പങ്കെടുത്തു.

# ഇന്ന് 4547 പേർക്ക് കോവിഡ്; പരിശോധിച്ചത് 50,638 സാമ്പിളുകൾ



തിരുവനന്തപുരം: കേരളത്തിൽ ഇന്ന് 4547 പേർക്ക് കോവിഡ്19 സ്ഥിരീകരിച്ചു. തിരുവനന്തപുരം 709, എറണാകുളം 616, കോഴിക്കോട് 568, തൃശൂർ 484, കൊല്ലം 474, കണ്ണൂർ 371, കോട്ടയം 226, ഇടുക്കി 203, പാലക്കാട് 176, പത്തനംതിട്ട 175, ആലപ്പുഴ 172, വയനാട് 168, മലപ്പുറം 159, കാസർഗോഡ് 46 എന്നിങ്ങനേയാണ് ജില്ലകളിൽ ഇന്ന് രോഗ ബാധ സ്ഥിരീകരിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 50,638 സാമ്പിളുകളാണ് പരിശോധിച്ചത്. പ്രതിവാര ഇൻഫെക്ഷൻ പോപ്പുലേഷൻ റേഷ്യോ (ണകജഞ) പത്തിന് മുകളിലുള്ള 39 തദ്ദേശ സ്വയംഭരണ പ്രദേശങ്ങളിലായി 46 വാർഡുകളാണുള്ളത്. ഇവിടെ കർശന നിയന്ത്രണമുണ്ടാകും. സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 2,22,466 പേരാണ് ഇപ്പോൾ നിരീക്ഷണത്തിലുള്ളത്. ഇവരിൽ 2,17,083 പേർ വീട്/ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈനിലും 5383 പേർ ആശുപത്രികളിലും നിരീക്ഷണത്തിലാണ്. 325 പേരെയാണ് പുതുതായി ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. നിലവിൽ 64,738 കോവിഡ് കേസുകളിൽ, 7 ശതമാനം വ്യക്തികൾ മാത്രമാണ് ആശുപത്രി/ഫീൽഡ് ആശുപത്രികളിൽ പ്രവേശിപ്പിക്കപ്പെട്ടിട്ടുള്ളത്. കഴിഞ്ഞ ദിവസങ്ങളിലുണ്ടായ 57 മരണങ്ങളാണ് കോവിഡ്19 മൂലമാണെന്ന് ഇന്ന് സ്ഥിരീകരിച്ചത്.

ഇതുകൂടാതെ സുപ്രീം കോടതി വിധിപ്രകാരം കേന്ദ്രസർക്കാരിൻറെ പുതിയ മാർഗനിർദേശമനുസരിച്ച് അപ്പീൽ നൽകിയ 70 മരണങ്ങളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇതോടെ സംസ്ഥാനത്തെ ആകെ മരണം 35,877 ആയി.

ഇന്ന് രോഗം സ്ഥിരീകരിച്ചവരിൽ 12 പേർ സംസ്ഥാനത്തിന് പുറത്ത് നിന്നും വന്നവരാണ്.

4234 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. 274 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല. 27 ആരോഗ്യ പ്രവർത്തകർക്കാണ് രോഗം ബാധിച്ചത്.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 6866 പേർ രോഗമുക്തി നേടി. തിരുവനന്തപുരം 959, കൊല്ലം 439, പത്തനംതിട്ട 18, ആലപ്പുഴ 338, കോട്ടയം 487, ഇടുക്കി 476, എറണാകുളം 1134, തൃശൂർ 781, പാലക്കാട് 284, മലപ്പുറം 377, കോഴിക്കോട് 792, വയനാട് 286, കണ്ണൂർ 394, കാസർഗോഡ് 101 എന്നിങ്ങനേയാണ് രോഗമുക്തിയായത്.

ഇതോടെ 64,738 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 49,64,375 പേർ ഇതുവരെ കോവിഡിൽ നിന്നും മുക്തി നേടി.

# അയ്യപ്പ ഭക്തർക്കായി കെഎസ്ആർടിസിയുടെ ചാർട്ടേർഡ് ട്രിപ്പുകൾ

തിരുവനന്തപുരം: പമ്പയിൽ കൂട്ടമായി എത്തുന്ന അയ്യപ്പഭക്തർക്ക് വേണ്ടി കെഎസ്ആർടിസി ചാർട്ടേർഡ് ട്രിപ്പുകൾ ആരംഭിച്ചു. അയ്യപ്പഭക്തരുടെ സൗകര്യാർത്ഥം സംസ്ഥാനത്തെ ഒട്ടുമിക്ക ഡിപ്പോകളിലേയ്ക്കും, റയിൽവേ സ്റ്റേഷനുകളിലേയ്ക്കും ഈ സൗകര്യം ലഭ്യമാക്കും. പമ്പയിൽ നിന്നും, ചെങ്ങന്നൂർ, കോട്ടയം, കുമളി, എറണാകുളം, തിരുവനന്തപുരം, ഗുരുവായൂർ, തൃശ്ശൂർ, പാലക്കാട്, തെങ്കാശ്ശി, പളനി, കോയമ്പത്തൂർ, ചേർത്തല, പന്തളം, നിലയ്ക്കൽ, ആലപ്പുഴ, ഓച്ചിറ, നെയ്യാറ്റിൻകര, എരുമേലി, കന്യാകുമാരി, വിതുര, എന്നിവടങ്ങളിലേക്കും ഭക്തർക്ക് ചാർട്ടേഡ് ട്രിപ്പുകൾ ബുക്ക് ചെയ്യാനാകും. കൂടുതൽ വിവരങ്ങൾക്ക് : 18005994011 എന്ന ടോൾ ഫ്രീ നമ്പരിലേക്കും 04735 203445 പമ്പ കട്രോൾ റൂം നമ്പരിലും ബന്ധപ്പെടുക. ൃലിെെൃ രേ@സലൃമഹമ.ഴീ.ശി എന്ന മെയിൽ വിലാസത്തിലോ 0471 2463799, 0471 2471011, 094470 71 021 എന്നീ നമ്പരുകളിലും ബന്ധപ്പെടാം. കെഎസ്ആർടിസി കൺട്രോൾറൂം (24*7), മൊബൈൽ 9447071021, ലാൻഡ് ലൈൻ 04712463799, സോഷ്യൽ മീഡിയ സെൽ, കെഎസ്ആർടിസി (24*7), വാട്സാപ്പ് 8129562972.

# അടുത്ത ആഗോള നിക്ഷേപക ഹോട്ട്സ്പോട്ട് ആയി ഇന്ത്യ മാറുമെന്ന് പിയൂഷ് ഗോയൽ

സിഐഐ (ഇകക)ഏർണസ്റ്റ് & യങ്ങിന്റെ പുതിയ റിപ്പോർട്ട് പ്രകാരം അടുത്ത ആഗോള നിക്ഷേപക ഹോട്ട്സ്പോട്ട് ആയി ഇന്ത്യ മാറുമെന്ന് വാണിജ്യവ്യവസായ മന്ത്രി ശ്രീ. പിയൂഷ് ഗോയൽ പറഞ്ഞു.

2025ഓടെ പ്രതിവർഷം 120 മുതൽ 160 ബില്യൺ അമേരിക്കൻ ഡോളറിന്റെ നേരിട്ടുള്ള വിദേശ നിക്ഷേപം ആകർഷിക്കാനുള്ള സാഹചര്യങ്ങൾ ഇന്ത്യയിൽ ഉണ്ട്. കഴിഞ്ഞ ഏഴ് വർഷക്കാലമായി വലിയതോതിലുള്ള നേരിട്ടുള്ള വിദേശ നിക്ഷേപം ആണ് നമുക്ക് ലഭിക്കുന്നത്.

ഈ ഏഴ് വർഷവും അതിന് മുമ്പുള്ള വർഷത്തെ റെക്കോർഡ് തിരുത്തുന്ന നേരിട്ടുള്ള വിദേശ നിക്ഷേപമാണ് രാജ്യത്ത് എത്തിയത് എന്നും അദ്ദേഹം പറഞ്ഞു. ബഹുരാഷ്ട്ര കമ്പനികളുമായി ബന്ധപ്പെട്ട ഇകകയുടെ രണ്ടാമത് ദേശീയ സമ്മേളനത്തെ വീഡിയോ കോൺഫറൻസിലൂടെ അഭിസംബോധന ചെയ്യുകയായിരുന്നു കേന്ദ്രമന്ത്രി. 2021 ഒക്ടോബറിൽ തൊഴിൽ മേഖലയിൽ മുൻവർഷം ഇതേകാലയളവിനേക്കാൾ 43% പുരോഗതിയാണ് നൗകരീ ജോബ്സ്പീക് ഏകകം രേഖപ്പെടുത്തുന്നത്.

രാജ്യത്തെ നിർമ്മാണമേഖലയിലെ ജങക ഉയരെയാണ്. ഒരു ദശാബ്ദത്തിലെ ഏറ്റവും ഉയർന്ന നിലയിലാണ് സേവന മേഖലയിലെ ജങക എന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

രാജ്യത്തെ നിക്ഷേപക സാഹചര്യം മെച്ചപ്പെടുത്തുന്നത് ലക്ഷ്യമിട്ട് നിരവധി പ്രധാന നയങ്ങളും വ്യാപാര പരിഷ്കാരങ്ങളും ആണ് ഭരണകൂടം കൊണ്ടുവന്നതെന്ന് ശ്രീ ഗോയൽ ചൂണ്ടിക്കാട്ടി.

നിക്ഷേപകർക്ക് ആവശ്യമായ അനുമതികൾ, തീർപാക്കലുകൾ എന്നിവയ്ക്കുള്ള ഒറ്റ ഇടം സജ്ജമാക്കുന്നത് ലക്ഷ്യമിട്ട് ദേശീയ ഏകജാലക സംവിധാനത്തിന് (ചമശേീമഹ ടശിഴഹല ണശിറീം ട്യലോ ചടണട) തുടക്കം കുറിച്ചു.

ബഹുരാഷ്ട്ര കമ്പനികൾക്ക് ആവശ്യമായ എല്ലാ വിഭവങ്ങളും ഇന്ത്യക്ക് ഉണ്ട് എന്ന് ഓർമ്മിപ്പിച്ച ശ്രീ. ഗോയൽ, ആഗോള തലത്തിൽ കൂടുതൽ മത്സരക്ഷമത കൈവരിക്കുന്നതിനു അവർക്ക് ആവശ്യമായ എല്ലാ സഹായങ്ങളും ലഭ്യമാക്കാൻ രാജ്യത്തിന് കഴിയുമെന്നും പ്രതീക്ഷ പ്രകടിപ്പിച്ചു. വൈവിധ്യമേറിയ വ്യവസായ രംഗം, നിയമവാഴ്ച, സുതാര്യമായ സംവിധാനങ്ങൾ, നൈപുണ്യ ശേഷിയുള്ള തൊഴിലാളികൾ, കുറഞ്ഞ വേതന നിരക്ക്, നിർബന്ധിതമായ സാങ്കേതിക വിദ്യ കൈമാറ്റം ഇല്ലാത്തത് തുടങ്ങിയവ ഇതിൽ ചിലതു മാത്രമാണ്

'ബ്രാൻഡ് ഇന്ത്യ' എന്നതിന് ആഗോളതലത്തിൽ പ്രചാരം നൽകാൻ ഇന്ത്യയിലെ അന്താരാഷ്ട്ര കമ്പനികൾക്ക് പ്രോത്സാഹനം നൽകിയ കേന്ദ്ര മന്ത്രി, ഭരണകൂടം, വ്യവസായരംഗം എന്നിവർ തമ്മിലുള്ള പങ്കാളിത്തത്തിന് കൂടുതൽ പ്രാധാന്യം നൽകേണ്ടതിന്റെ ആവശ്യകതയും എടുത്തു പറഞ്ഞു.



മൺട്രോതുരുത്തിലെ ദുരിതാശ്വാസ ക്യാമ്പ് സന്ദർശിക്കുന്ന മന്ത്രി ജെ. ചിഞ്ചുറാണി

# പ്രോജക്ട് ഫെല്ലോ താത്കാലിക ഒഴിവ്

കേരള വന ഗവേഷണ സ്ഥാപനത്തിൽ 2023 സെപ്റ്റംബർ 30 വരെ കാലാവധിയുള്ള ഒരു സമയബന്ധിത ഗവേഷണ പദ്ധതിയായ അസ്സെസ്സ്മെന്റ് ഓഫ് സോഷ്യോഇക്കോണോമിക് ആൻഡ് കൾച്ചറൽ യൂസസ് ആൻഡ് പൊട്ടെൻഷ്യൽ ഫോർ പോപുലറൈസേഷൻ ഓഫ് ഡെൻഡ്രോകലാമസ് സ്റ്റോക്സി ആൻഡ് മൺറോക്ലോവ റിച്ചേയ്, ടു ബാംബൂ സ്പീഷീസ് എൻഡെമിക് ടു ദി വേസ്റ്റേൺ ഗാട്ട്സിൽ ഒരു പ്രോജക്ട് ഫെല്ലോയുടെ താത്കാലിക ഒഴിവിൽ നിയമനത്തിന് 22ന് രാവിലെ 10 ന് കേരള വന ഗവേഷണ സ്ഥാപനത്തിന്റെ തൃശ്ശൂർ പീച്ചിയിലെ ഓഫീസിൽ വാക്ഇൻഇന്റർവ്യൂ നടത്തും. വിശദവിവരങ്ങൾക്ക്: www.k-fr-i.r-e-s.in.



സംസ്ഥാന ടൂറിസം വകുപ്പ് നടത്തിയ ലോകപൂക്കളം 2021 മത്സരത്തിന്റെ വിജയികൾക്കുള്ള സമ്മാന വിതരണം ടൂറിസം - പൊതുമരാമത്ത് വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് മസ്കറ്റ് ഹോട്ടലിൽ വച്ച് നിർവഹിക്കുന്നു.

# തുടർ വർഷങ്ങളിലും വെർച്വൽ ഓണാഘോഷ പരിപാടി സംഘടിപ്പിക്കും: മന്ത്രി മുഹമ്മദ് റിയാസ്

## 'വിശ്വമാനവികതയുടെ ലോകഓണപ്പൂക്കളം' സമ്മാനങ്ങൾ വിതരണം ചെയ്തു

തിരുവനന്തപുരം: ലോകത്തെമ്പാടുമുള്ള മലയാളികളെ ഒന്നിപ്പിക്കുന്നരീതിയിൽ ഇനിയുള്ള വർഷങ്ങളിലും ഓൺലൈനായി വെർചൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിക്കുമെന്ന് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ് പറഞ്ഞു. കേരളത്തിൽ നടക്കുന്ന ഓണാഘോഷങ്ങൾക്ക് പുറമേയാണിത്. ഈ വർഷത്തെ അത്തപ്പൂക്കള മത്സരത്തിലൂടെ ഓരോ രാജ്യത്തേയും ഓരോ മലയാളിയും കേരളത്തിൻറെ ബ്രാൻഡ് അംബാസഡറായി മാറിയതായും ഇനിയും അങ്ങനെ തുടരാനുള്ള ഇടപെടലുകൾ നടത്താനാണ് ഉദ്ദേശിക്കുന്നതെന്നും അദ്ദേഹം വ്യക്തമാക്കി.

'വിശ്വമാനവികതയുടെ ലോകഓണപ്പൂക്കളം' എന്ന പ്രമേയത്തിൽ സംസ്ഥാന ടൂറിസം വകുപ്പ് സംഘടിപ്പിച്ച ഓണപ്പൂക്കള മത്സരത്തിലെ ജേതാക്കൾക്ക് സമ്മാനങ്ങൾ വിതരണം ചെയ്യുകയായിരുന്നു മന്ത്രി.

അത്തപ്പൂക്കള മത്സരത്തിലൂടെ ഓരോ മലയാളിയും ഒരുമയുടെ വലിയ സന്ദേശമാണ് ലോകത്തോട് പങ്കുവച്ചത്. 1331 എൻട്രികൾ ലഭിച്ച മത്സരത്തെ ധാരാളം കുടുംബങ്ങൾ ആവേശത്തോടെ ഏറ്റെടുത്തു. കാൽലക്ഷത്തിലേറെ ആളുകളാണ് ഓൺലൈനിൽ അണിനിരന്നത്. ഇതിന് സഹകരിച്ച ലോകകേരള സഭയ്ക്കും പ്രവാസീ സംഘടനകൾക്കും നോർക്കയ്ക്കും മന്ത്രി നന്ദി അറിയിച്ചു.

സ്ത്രീകളും കുട്ടികളുമുൾപ്പെടെയുള്ള യാത്രികരുടെ സുരക്ഷക്ക് എല്ലാവകുപ്പുകളേയും സംയോജിപ്പിച്ച് കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കും. റസ്റ്റ്ഹൗസുകളിൽ ഓൺലൈൻ ബുക്കിംഗിന് നടപ്പാക്കിയ സംവിധാനത്തിന് മികച്ച പ്രതികരണങ്ങളാണ് ലഭിക്കുന്നത്. ടൂറിസത്തിൽ അനന്തസാധ്യതകളുള്ള സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളെ മുഖ്യധാരയിലേക്കെത്തിക്കാൻ കാരവൻ ടൂറിസം, സിനിമ ടൂറിസം, വെൽനെസ് ടൂറിസം, ഫുഡീ വീൽസ് തുടങ്ങിയ നൂതന പദ്ധതികൾ നടപ്പിലാക്കിവരികയാണെന്നും മന്ത്രി പറഞ്ഞു.

ടൂറിസം ഭൂപടത്തിൽ പ്രഥമ സ്ഥാനത്തെത്തുന്നതിനുള്ള എല്ലാ വിഭവങ്ങളും കേരളത്തിലുണ്ടെന്ന് മുഖ്യാതിഥി ആയിരുന്ന പിന്നണി ഗായകൻ എംജി ശ്രീകുമാർ പറഞ്ഞു. അതിന് ടൂറിസം സാധ്യതകളെയെല്ലാം സജീവമാക്കിയെടുത്താൽ മതിയെന്നും കൂട്ടിച്ചേർത്ത അദ്ദേഹം നിരവധി ഗാനങ്ങളും ആലപിച്ചു. പങ്കാളിത്തത്തിലൂടെ അത്തപ്പൂക്കള മത്സരത്തെ വൻവിജയമാക്കിയവർക്ക് ചടങ്ങിൽ അദ്ധ്യക്ഷത വഹിച്ച ടൂറിസം ഡയറക്ടർ വി ആർ കൃഷ്ണ തേജ നന്ദി അർപ്പിച്ചു.

കൊവിഡ് മഹാമാരി മൂലം ഓണാഘോഷങ്ങൾ വീടുകളിൽ ഒതുക്കേണ്ടിവന്ന സാഹചര്യത്തിൽ ലോകമെമ്പാടുമുള്ള മലയാളികൾക്ക് ഓൺലൈനായി സംഘടിപ്പിച്ച മത്സരം ആഗോളശ്രദ്ധ നേടിയിരുന്നു. സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യക്തികൾക്കും സ്ഥാപനങ്ങൾ/കൂട്ടായ്മകൾക്കുമായി നാലു വിഭാഗത്തിലാണ് മത്സരം സംഘടിപ്പിച്ചത്. എല്ലാ വിഭാഗങ്ങളിലെ ജേതാക്കൾക്കും ചടങ്ങിൽ സമ്മാനങ്ങൾ വിതരണം ചെയ്തു. 10 സമാശ്വാസ സമ്മാനങ്ങളും വിതരണം ചെയ്തു.

കേരളത്തിലുള്ളവർക്ക് നടത്തിയ വ്യക്തിഗത മത്സരത്തിൽ പ്രദീപ് കുമാർ എം (കോഴിക്കോട്), മനോജ് മുണ്ടപ്പാട്ട് (തൃശൂർ), റെസ്ന കെ. (കണ്ണൂർ) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കേരളത്തിലെ സ്ഥാപനങ്ങൾ/ കൂട്ടായ്മകൾക്കുള്ള മത്സരത്തിൽ ഭാരത് കാറ്ററിംഗ് കോളേജ് (കോഴിക്കോട്), കണ്ണൂർ കളക്ടറേറ്റ്, ആർക്കൈവ് വകുപ്പ് (റെജികുമാർ ജെ, തിരുവനന്തപുരം) എന്നിവയ്ക്കാണ് യഥാക്രമം ആദ്യ സ്ഥാനങ്ങൾ.

കേരളത്തിനു പുറത്തുനിന്നുള്ള വ്യക്തിഗത മത്സരവിഭാഗത്തിൽ മാർട്ടിൻ ജോസ് (ഡൽഹി), ബിജു ടികെ (കർണാടക), രമ്യ പ്രബിഷ് (കർണാടക) എന്നിവർ യഥാക്രമം ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി. കേരളത്തിനു പുറത്തുള്ള സ്ഥാപനങ്ങൾ/ കൂട്ടായ്മകൾക്കുള്ള മത്സരത്തിൽ കൈരളി കൾച്ചറൽ അസോസിയേഷൻ ഫുജൈറ (യുഎഇ), മാസ് ഷാർജ (യുഎഇ), ദ്രമാനം പ്രവാസി അസോസിയേഷൻ (സബിത ലികോ അലക്സ്, മസ്കറ്റ്) എന്നിവയ്ക്കാണ് യഥാക്രമം ആദ്യ സ്ഥാനങ്ങൾ.

കൊവിഡ് പ്രതിസന്ധി മൂലം നാട്ടിലെത്താൻ പറ്റാത്ത പ്രവാസിമലയാളികൾക്കും സാമൂഹ്യമായ ഒത്തുചേരൽ നഷ്ടമായ നാട്ടിലുള്ളവർക്കും ഓൺലൈനിലൂടെ ഒരുമിച്ച് പങ്കെടുക്കാനുള്ള പൊതു വേദിയായിരുന്നു പൂക്കളമത്സരം.

ടൂറിസം ഡെപ്യൂട്ടി ഡയറക്ടർ ബിജു ബിഎസ്, നോർക്ക മുൻ വൈസ് ചെയർമാൻ കെ വരദരാജൻ, ടൂറിസം വകുപ്പ് മാർക്കറ്റിംഗ് വിഭാഗം ഡെപ്യൂട്ടി ഡയറക്ടർ രാജീവ് ജിഎൽ എന്നിവരും സന്നിഹിതരായിരുന്നു.

# വാക്സിനേഷൻ യജ്ഞം പോലെയുള്ള ഒരു ബ്രഹത് പരിപാടിക്ക് ജനപങ്കാളിത്തം അനിവാര്യം

ഇന്ത്യയുടെ വാക്സിനേഷൻ യജ്ഞം പോലെയുള്ള ഒരു ബ്രിഹത് പരിപാടിക്ക് ജനപങ്കാളിത്തം അനിവാര്യമാണെന്ന് ഡോ. മാണ്ഡവ്യ അഭിപ്രായപ്പെട്ടു. കൊവിഡ് ലോക്ക്ഡൗൺ കാലത്ത് ആരും പട്ടിണിയാകരുതെന്ന ഗവണ്മെന്റ് ശ്രമങ്ങൾക്ക് അനുബന്ധമായി, സർക്കാരിതര/പൗര സമൂഹ സംഘടനകളുടെ പ്രവർത്തനങ്ങളാണ് കോവിഡ് പ്രതിസന്ധിയിൽ ഇന്ത്യയ്ക്ക് തലയുയർത്തി നില്ക്കാൻ സഹായിച്ചതെന്ന് അദ്ദേഹം പറഞ്ഞു. ജനസംഖ്യയുടെ 80% പേർക്കും ആദ്യത്തെയും, 40% പേർക്ക് രണ്ടാമത്തെയും ഡോസ് വാക്സിൻ ലഭിച്ചെന്ന് ഉറപ്പുവരുത്തുന്നതിൽ ഈ സംഘടനകളുടെ സംഭാവനയും അദ്ദേഹം എടുത്ത് പറഞ്ഞു. രാജ്യത്തുടനീളമുള്ള കോവിഡ് വാക്സിനേഷന്റെ വ്യാപനത്തിനു ഗവണ്മെന്റിനെ സഹായിക്കുന്ന വിവിധ പങ്കാളികളുടെ പ്രതിനിധികളുമായി ഇന്ന് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ഡോ. മൻസുഖ് മാണ്ഡവ്യ സംവദിച്ചു. കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ സഹമന്ത്രി ഡോ. ഭാരതി പ്രവീൺ പവാർ ഡിജിറ്റലായി യോഗത്തിൽ പങ്കെടുത്തു.

അവസാനത്തെ പൗരനും കോവിഡ്19നെതിരെ വാക്സിനേഷൻ നൽകാനുള്ള ശ്രമത്തിൽ ഭാഗമാകാൻ എല്ലാ എൻജിഒകളെയും രാഷ്ട്രീയ പാർട്ടികളെയും പൗരന്മാരെയും കേന്ദ്ര ആരോഗ്യമന്ത്രി സ്വാഗതം ചെയ്തു.

എൻജിഒ/സിഎസ്ഒ, സമൂഹ മാധ്യമ ചാനലുകൾ വഴി പ്രചാരണം, കോവിഡ്19 വാക്സിനേഷനുമായി ബന്ധപ്പെട്ട സന്ദേശമയയ്ക്കാനും മറ്റു പ്രചാരണ സന്ദേശങ്ങൾക്കുമായി ദൃശ്യശ്രാവ്യ ഉള്ളടക്കവും ദേശീയ/സംസ്ഥാന/ജില്ലാ തലത്തിലുള്ള പ്രമുഖ മെഡിക്കൽ പ്രൊഫഷണലുകളുടെ സേവനവും ഉപയോഗിക്കുക തുടങ്ങി ഗവണ്മെന്റ് ശ്രമങ്ങളെ ശക്തിപ്പെടുത്താൻ ഈ സംഘടനകൾക്ക് ചെയ്യാൻ കഴിയുന്ന പ്രവർത്തനങ്ങളെ പറ്റിയും മന്ത്രി പറഞ്ഞു. കോവിഡ്19 വാക്സിനുമായി ബന്ധപ്പെട്ട മിഥ്യകളും തെറ്റിദ്ധാരണകളും സംശയങ്ങളും ഇല്ലാതാക്കാനും, ഗുണഭോക്താക്കളുടെ ഓൺസൈറ്റ് വാക്സിൻ വിതരണത്തിന് സഹായിക്കാനും, സംസ്ഥാന/ജില്ല/ബ്ലോക്ക് തലങ്ങളിലുള്ള പ്രത്യേക സംഘങ്ങളിൽ അംഗങ്ങൾ ആയി കൊവിഡ്19 വാക്സിനേഷൻ പരിപാടി ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നതിനും ഇവർക്ക് കഴിയുമെന്ന് മന്ത്രി പറഞ്ഞു.

ഓരോ സംഘടനയും അവരുടെ പരിധിയിലെ ഒരു പ്രദേശം തിരിച്ചറിയാനും അവിടെയുള്ള എല്ലാ നിവാസികൾക്ക് വാക്സിനേഷൻ നൽകാനും ഡോ. മാണ്ഡവ്യ നിർദ്ദേശിച്ചു. ജനങ്ങൾക്കിടയിൽ വാക്സിൻ സ്വീകരിക്കുന്നത് പ്രോത്സാഹിപ്പിക്കുന്നതിനായി കുടുംബാംഗങ്ങളെല്ലാം രണ്ട് ഡോസ് വാക്സിനുകളും പൂർത്തിയാക്കിയതായി അറിയിക്കുന്ന ആകർഷകമായ ഹോം സ്റ്റിക്കറുകൾ വിതരണം ചെയ്യാനും അദ്ദേഹം നിർദ്ദേശിച്ചു.

# സീനിയർ മാനേജർ ഒഴിവ്

തൃശൂർ ജില്ലയിലെ അർദ്ധ സർക്കാർ സ്ഥാപനത്തിൽ സീനിയർ മാനേജർ (ഫിനാൻസ്) തസ്തികയിൽ തുറന്ന (ഓപ്പൺ) വിഭാഗത്തിൽ ഒരു സ്ഥിരം ഒഴിവുണ്ട്. യോഗ്യത: സി.എ/ സി.എം എയിൽ ഒന്നാം ക്ലാസ് ബികോം. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചാർട്ടേഡ് അക്കൗണ്ടൻസ് ഓഫ് ഇന്ത്യയുടെയോ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോസ്റ്റ് അക്കൗണ്ട്സ് ഓഫ് ഇന്ത്യയുടെയോ അംഗമായിരിക്കണം. പ്രായം 01.11.2021 ന് 45 വയസ് കവിയരുത്. നിശ്ചിത യോഗ്യതയുള്ള ഉദ്യോഗാർഥികൾ പ്രായം, ജാതി, വിദ്യാഭ്യാസ യോഗ്യത, തൊഴിൽപരിചയം എന്നിവ തെളിയിക്കുന്നതിനുള്ള അസൽ സർട്ടിഫിക്കറ്റുകൾ സഹിതം നവംബർ 18ന് മുൻപ് ബന്ധപ്പെട്ട പ്രൊഫഷണൽ & എക്സിക്യൂട്ടീവ് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഓൺലൈനിൽ പേര് രജിസ്റ്റർ ചെയ്യണം. നിലവിൽ ജോലി ചെയ്തുകൊണ്ടിരിക്കുന്നവർ ബന്ധപ്പെട്ട നിയമനാധികാരിയിൽ നിന്നുള്ള എൻ.ഒ.സി ഹാജരാക്കണം. 1960ലെ ഷോപ്സ് & കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമനത്തിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്നു ലഭിക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ അസിസ്റ്റന്റ് ലേബർ ഓഫീസർ ഗ്രേഡ് കക ഉം ഫാക്ടറി ആക്ടിന് കീഴിൽ വരുന്ന സ്ഥാപനങ്ങളിൽ നിന്ന് ലഭിക്കുന്ന തൊഴിൽ പരിചയ സർട്ടിഫിക്കറ്റുകൾ ഫാക്ടറി ഇൻസ്പെക്ടർ/ ജോയിന്റ് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയിരിക്കണം. സ്ത്രീകൾ അപേക്ഷിക്കേണ്ടതില്ല.

# കൈമനം വനിതാ പോളിടെക്നിക്കിൽ സ്പോട്ട് അഡ്മിഷൻ

തിരുവനന്തപുരം കൈമനം സർക്കാർ വനിതാ പോളിടെക്നിക് കോളേജിലെ വിവിധ ഡിപ്ലോമ കോഴ്സുകളിലെ ഒഴിവുള്ള സീറ്റുകളിലേക്ക് മൂന്നാം ഘട്ട സ്പോട്ട് അഡ്മിഷൻ നവംബർ 19ന് നടക്കും.

202122 അധ്യയന വർഷത്തെ ഡിപ്ലോമ പ്രവേശനത്തിനുള്ള റാങ്ക്ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവർ അസൽ രേഖകളും മതിയായ ഫീസും സഹിതം യഥാസമയം ഹാജരാകണം.

ഒന്നു മുതൽ 50,000 വരെ റാങ്കുള്ള എല്ലാ വിഭാഗക്കാരും (സ്ട്രീം 1 & സ്ട്രീം 2) രാവിലെ 9 മണിക്കും 10 മണിക്കുമിടയിൽ ഹാജരാകണം. 50,001 മുതൽ അവസാന റാങ്ക് വരെയുള്ള എല്ലാ വിഭാഗക്കാരും (സ്ട്രീം 1 & സ്ട്രീം 2) രാവിലെ 10 മുതൽ 11 വരെ ഹാജരാകണം.

വിദ്യാർഥിനികൾ സമയപരിധിക്കകത്ത് ഹാജരായി രജിസ്ട്രേഷൻ നടത്തണം.

വൈകി എത്തുന്നവരെ യാതൊരു കാരണവശാലും രജിസ്ട്രേഷൻ നടത്താൻ അനുവദിക്കില്ല. എല്ലാ സർട്ടിഫിക്കറ്റുകളുടെയും ടി.സിയുടെയും അസൽ ഹാജരാക്കണം.

എസ്.സി/എസ്.ടി/ഒരു ലക്ഷത്തിന് താഴെ വരുമാനമുള്ള മറ്റ് വിഭാഗക്കാർ 1000 രൂപയും (എ.ടി.എം മുഖേന മാത്രം) മറ്റുള്ളവർ 3780 രൂപയും (എ.ടി.എം മുഖേന മാത്രം) പി.ടി.എ ഫണ്ടിലേക്കുള്ള തുകയും (പണമായി മാത്രം) അടയ്ക്കണം. കൂടുതൽ വിവരങ്ങൾക്ക്: www.po-ly-a-dm-i-ssion.or-g.

# ജിഎസ്ടി, ഇന്ത്യൻ അനുഭവ പാഠങ്ങൾ; അന്താരാഷ്ട്ര സെമിനാർ

തിരുവനന്തപുരം: 'ഒരു രാജ്യം, ഒറ്റ നികുതി' എന്ന ലക്ഷ്യത്തിലൂന്നി ചരക്ക് സേവന നികുതി നടപ്പാക്കി നാലു വർഷം പിന്നിട്ട അവസരത്തിൽ ഇന്ത്യയിൽ ജിഎസ്ടി നടപ്പാക്കിയ ശേഷമുള്ള അനുഭവങ്ങളെ കുറിച്ച് ദ്വിദിന അന്താരാഷ്ട്ര സെമിനാർ സംഘടിപ്പിക്കും. നാളെയും മറ്റന്നാളുമായി നികുതി, പൊതുധനകാര്യ മേഖലയിലെ പഠനങ്ങൾക്കായുള്ള ഇന്ത്യയിലെ പ്രമുഖ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ (ഗിഫ്റ്റ്) ആണ് സെമിനാർ സംഘടിപ്പിക്കുന്നത്. ഇന്ത്യയ്ക്ക് പുറമെ, ജിഎസ്ടി നടപ്പാക്കിയിട്ടുള്ള വിവിധ വിദേശ രാജ്യങ്ങളിലെ വിദഗ്ധരും സെമിനാറിൽ പങ്കെടുക്കുമെന്ന് ഗിഫ്റ്റ് ഡയറക്ടർ പ്രൊഫസർ ഡോ. കെ ജെ ജോസഫ് വാർത്താസമ്മേളനത്തിൽ പറഞ്ഞു. സാമ്പത്തിക, നികുതി വിദഗ്ധർ, ഉന്നത സർക്കാർ ഉദ്യോഗസ്ഥർ, ബിസിനസ് രംഗത്തെ പ്രമുഖർ തുടങ്ങി ജിഎസ്ടിയുമായി വിവിധ തലങ്ങളിൽ ബന്ധപ്പെട്ടിരിക്കുന്നവരുടെ വിദഗ്ധാഭിപ്രായങ്ങളും ആശയങ്ങളും പങ്ക് വയ്ക്കുകയാണ് രാജ്യാന്തര സെമിനാറിന്റെ ലക്ഷ്യമെന്ന് അദ്ദേഹം പറഞ്ഞു. നാളെ രാവിലെ ഒമ്പതരക്ക് ധനമന്ത്രി കെ എൻ ബാലഗോപാൽ സെമിനാർ ഉദ്ഘാടനം ചെയ്യും. മുൻ ധനമന്ത്രി ഡോ.തോമസ് ഐസക്ക് അധ്യക്ഷത വഹിക്കും. നാഷനൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ പബ്ലിക് ഫിനാൻസ് ആൻഡ് പോളിസിയുടെ മുൻ ഡയറക്ടറും പ്രമുഖ സാമ്പത്തിക ശാസ്ത്രജ്ഞനുമായ പ്രൊഫസർ എം ഗോവിന്ദറാവു മുഖ്യപ്രഭാഷണം നടത്തും. ഗിഫ്റ്റ് ഡയറക്ടർ ഡോ. കെ ജെ ജോസഫ് സ്വാഗതവും അസോസിയേറ്റ് പ്രൊഫസർ എൽ അനിതകുമാരി നന്ദിയും പറയും. പതിനൊന്ന് സെഷനുകളിലായി ജി എസ് ടി നടപ്പാക്കിയതിന്റെ വിവിധ വശങ്ങൾ സെമിനാർ ചർച്ച ചെയ്യും.

# പോളിടെക്നിക് സ്പോട്ട് അഡ്മിഷൻ

തൃശ്ശൂർ മഹാരാജാസ് ടെക്നോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിൽ ഒഴിവുള്ള രണ്ട് സീറ്റുകളിലേക്ക് (കമ്പ്യൂട്ടർ1, ഇലക്ട്രിക്കൽ 1) നവംബർ 17ന് സ്പോട്ട് അഡ്മിഷൻ നടത്തും. പോളിടെക്നിക് അഡ്മിഷൻ സ്റ്റേറ്റ് റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട വിദ്യാർത്ഥികൾ പ്രോസ്പെക്ടസിൽ സൂചിപ്പിച്ചിട്ടുള്ള അസ്സൽ രേഖകളും, ഫീസും സഹിതം സ്പോട്ട് അഡ്മിഷന് ഹാജരാകണം. ഒന്ന് മുതൽ 20,000 വരെ റാങ്കുള്ളവർ രാവിലെ ഒമ്പതിനും 20,001 മുതൽ 30,000 വരെ റാങ്കുള്ളവർ രാവിലെ 10 മണിക്കും 30,001 മുതൽ 50,000 വരെ റാങ്കുള്ളവർ രാവിലെ 11 മണിക്കും ഹാജരാകണം. വിശദവിവരങ്ങൾക്ക്: ഠഠഠ.ുീഹ്യമറാശ ൈശീി.ീൃഴ. മേൽ പറഞ്ഞ റാങ്കിൽ ഉൾപ്പെടുന്ന കോവിഡ് 19 രോഗികൾ/ ക്വാറന്റീനിൽ കഴിയുന്നവർ 9895199149, 9447581736 എന്നീ നമ്പറുകളിൽ ബന്ധപ്പെടണം.

# ഭാരത അന്താരാഷ്ട്ര മേളയിൽ ആകർഷകമായി സംസ്ഥാന കൃഷിവകുപ്പിന്റെ സെൽഫി പോയിന്റ്

തിരുവനന്തപുരം: ന്യൂഡൽഹി പ്രഗതി മൈതാനിൽ നടക്കുന്ന ഭാരത അന്താരാഷ്ട്ര വിപണന മേളയിൽ സംസ്ഥാന കൃഷിവകുപ്പിന്റെ സെൽഫി പോയിന്റ് ഏവരുടെയും ശ്രദ്ധാകേന്ദ്രമായി.

14 സർക്കാർ വകുപ്പുകൾ, ഖാദി ബോർഡ്, മാർക്കറ്റ് ഫെഡ്, കുടുംബശ്രീ സ്റ്റാൾ എന്നിവ കേരള പവലിയനിൽ ഉണ്ട്. കർഷക ഉല്പാദക സംഘങ്ങളുടെ പ്രസക്തിയും ഇതിലൂടെ കർഷക വരുമാന വർധനവും കൃഷിവകുപ്പ് ദൃശ്യാവിഷ്കാരം നടത്തിയിട്ടുണ്ട്.

കാർഷിക സ്വയംപര്യാപ്തതയുടെ അടിസ്ഥാനമായ സംയോജിത കൃഷി യൂണിറ്റുകൾ, യൂറോപ്യൻ വിപണിയിലെ മുഖ്യ ആകർഷകമായ സുഗന്ധവ്യഞ്ജനങ്ങൾ ഉൾപ്പെടുന്ന സ്പൈസസ് ട്രീ എന്നിവ കൃഷി വകുപ്പ് സ്റ്റാളിലെ ആകർഷകങ്ങളാണ്. ഉല്പാദനം, സംഭരണം, സംസ്കരണം, വിപണനം എന്നീ മേഖലകളിൽ ഉല്പാദക സംഘങ്ങളുടെ പ്രാധാന്യം, ഫാം ടൂറിസം എന്നിവയെല്ലാം ഉൾപ്പെടുത്തിയാണ് കൃഷിവകുപ്പ് സ്റ്റാൾ സജ്ജീകരിച്ചിട്ടുള്ളതെന്ന് പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ ജോർജ് സെബാസ്റ്റ്യൻ അഭിപ്രായപ്പെട്ടു.

കേരളത്തനിമ വിളിച്ചോതുന്ന സെൽഫി പോയിന്റിൽ ഫോട്ടോ എടുക്കുന്നതിന് സന്ദർശകരുടെ വൻ തിരക്കാണ് ആദ്യദിനം അനുഭവപ്പെട്ടത്.

കൃഷിവകുപ്പിന്റെ കൊമേഴ്സ്യൽ സ്റ്റാളിൽ ഹോർട്ടികോർപ്പ്, കേരഫെഡ്, ഓയിൽപാം ഇന്ത്യ, കെയ്കോ, പ്ലാന്റേഷൻ കോർപറേഷൻ എന്നീ സ്ഥാപനങ്ങളും പങ്കെടുക്കുന്നുണ്ട്. പ്രഗതി മൈതാനിലെ കൺവെൻഷൻ സെന്ററിലെ നാലാമത്തെ ഹാളിലാണ് കേരള പവലിയൻ.

# ആർഎസ്എസ് നേതാവിനെ വെട്ടിക്കൊലപ്പെടുത്തി

പാലക്കാട്: ഭാര്യയോടൊപ്പം ബൈക്കിൽ സഞ്ചരിച്ചിരുന്ന ആർഎസ്എസ് നേതാവിനെ കാറിടിച്ചുവീഴ്ത്തിയശേഷം വെട്ടിക്കൊലപ്പെടുത്തി.

നെയ്ത്തല എടുപ്പുകുളം ആറുച്ചാമിയുടെ മകനും എലപ്പുള്ളി മണ്ഡലത്തിലെ ആർഎസ്എസ് ബൗദ്ധിക് പ്രമുഖുമായ സഞ്ജിത്താണ് മരിച്ചത്.

രാവിലെ ഒമ്പത് മണിയോട് കൂടി കാറിലെത്തിയ നാലംഗ സംഘം സഞ്ജിത്തിനെയും ഭാര്യയെയും ആക്രമിക്കുകയായിരുന്നു.

മമ്പറത്തുള്ള ഭാര്യവീട്ടിന് സമീപത്തുവെച്ച് നിരവധി ആളുകൾ നോക്കിനിൽക്കെയായിരുന്നു കൊലപാതകം.

ശരീരമാസകലം വെട്ടേറ്റ യുവാവിനെ ഉടനെ തന്നെ പാലക്കാട് ജില്ലാ ആശുപത്രിയിൽ എത്തിച്ചെങ്കിലും ജീവൻ രക്ഷിക്കാനായില്ല.

കൊലപാതകത്തിന് പിന്നിൽ എസ്ഡിപിഐ ആണെന്ന് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ ആരോപിച്ചെങ്കിലും എസ്ഡിപിഐ ജില്ലാ പ്രസിഡന്റ് ആരോപണം നിഷേധിച്ചു. കുറച്ചു മാസങ്ങളായി എലപ്പുള്ളി പഞ്ചായത്തിൽ ആർഎസ്എസ്എസ്ഡിപിഐ സംഘർഷം നിലനിൽക്കുന്നുണ്ട്.

സഞ്ജിത്തിനെതിരെ നിരവധി ക്രിമിനൽ കേസുകൾ നിലവിലുണ്ടെന്ന് ടൗൺ പൊലീസും കസബ പൊലീസും അറിയിച്ചു.

കൊലപാതകത്തിൽ പ്രതിഷേധിച്ച് മലമ്പുഴ മണ്ഡലത്തിൽ ഇന്നലെ ഉച്ചകഴിഞ്ഞ് രണ്ടുമുതൽ വൈകിട്ട് ആറുവരെ ബിജെപി ഹർത്താൽ ആചരിച്ചു. അക്ഷിതയാണ് സഞ്ജിത്തിന്റെ ഭാര്യ. ഒമ്പതുമാസം പ്രായമായ ആൺ കുട്ടിയുണ്ട്.

# ഗസ്റ്റ് ഇൻസ്ട്രക്ടർ

തിരുവനന്തപുരം ചാക്ക ഗവ. ഐ.ടി.ഐയിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ, വെൽഡർ, ഷീറ്റ് മെറ്റൽ വർക്കർ, വയർമാൻ ട്രേഡുകളിൽ നിലവിലുള്ള ജൂനിയർ ഇൻസ്ട്രക്ടർമാരുടെ ഒഴിവുകളിൽ താത്കാലികമായി ഗസ്റ്റ് ഇൻസ്ട്രക്ടർമാരായി നിയമിക്കുന്നതിന് താത്പര്യമുള്ള ഉദ്യോഗാർഥികൾ നവംബർ 17ന് രാവിലെ 10 മണിക്ക് അസ്സൽ സർട്ടിഫിക്കറ്റുമായി ചാക്ക ഗവ. ഐ.ടി.ഐ പ്രിൻസിപ്പൽ മുമ്പാകെ ഇന്റർവ്യൂവിന് ഹാജരാകണം.

എസ്.എസ്.എൽ.സി, ബന്ധപ്പെട്ട ട്രേഡിൽ എൻ.ടി.സിയും മൂന്ന് വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ എൻ.എ.സിയും ഒരു വർഷത്തെ പ്രവൃത്തിപരിചയവും അല്ലെങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ എൻജിനിയറിങ് ഡിപ്ലോമ/ ഡിഗ്രി ആണ് യോഗ്യത. ഡ്രാഫ്റ്റ്സ്മാൻ സിവിലിന് ആട്ടോ കാഡ് ഉള്ളവരെ മാത്രമേ പരിഗണിക്കൂ.

# പഞ്ചായത്തുകൾ ജനപക്ഷത്ത് നിൽക്കണം: മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ

പഞ്ചായത്തുകൾ അഴിമതി മുക്തമായി ജനപക്ഷത്ത് നിൽക്കണമെന്നും കാര്യക്ഷമമായ സിവിൽ സർവ്വീസിന്റെ ഭാഗമായി മെച്ചപ്പെട്ട സേവനം പൊതുസമൂഹത്തിന് നൽകണമെന്നും തദ്ദേശ സ്വയംഭരണ, എക്സൈസ് മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ പറഞ്ഞു. പഞ്ചായത്ത് വകുപ്പിന്റെ അവലോകന യോഗവും കെ എ എസ് ജേതാക്കൾക്കുള്ള അനുമോദന യോഗവും തിരുവനന്തപുരത്തെ സഹകരണ ഭവൻ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു മന്ത്രി.

ന്യായവും നീതിയും ഉയർത്തിപ്പിടിച്ച് സാധാരണക്കാരായ ജനങ്ങളോടൊപ്പം നിൽക്കാൻ പഞ്ചായത്ത് വകുപ്പിലെ ഓരോ ജീവനക്കാരനും തയ്യാറാവണം. എല്ലാ മേഖലകളേയും പരിഗണിച്ചു കൊണ്ട് വികസന പ്രവർത്തനങ്ങൾ വിപുലപ്പെടുത്താൻ സാധിക്കണം. പരമ്പരാഗത രീതികളിൽ അഭിരമിക്കാതെ മാനവീകവും സർഗാത്മകവുമായി സേവനങ്ങൾ നൽകുന്നതിന് പഞ്ചായത്തുകളെ പ്രാപ്തമാക്കാനാണ് ഉദ്യോഗസ്ഥർ പരിശ്രമിക്കേണ്ടതെന്ന് മന്ത്രി പറഞ്ഞു.

പതിനാലാം പദ്ധതിയുടെ മുന്നൊരുക്കങ്ങളിൽ ഏർപ്പെടുമ്പോൾ അനുദിനം മാറുന്ന സാഹചര്യങ്ങൾക്കനുസരിച്ച് ഉയർന്നുവരുന്ന വെല്ലുവിളികളെ അഭിസംബോധന ചെയ്യാൻ ആവശ്യമായ തന്ത്രങ്ങൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ആവിഷ്കരിച്ച് നടപ്പിലാക്കാനാവണം. പൊതുജനങ്ങൾക്ക് നൽകുന്ന സേവനത്തിന്റെ ഗുണനിലവാരത്തിലും വനിതകൾ, വയോജനങ്ങൾ, കുട്ടികൾ, ഭിന്നശേഷി വിഭാഗത്തിലുള്ളവർ, ട്രാൻസ്ജെൻഡേഴ്സ് തുടങ്ങിയവരുടെ ക്ഷേമത്തിലും ഊന്നൽ നൽകണം. സുസ്ഥിര വികസന ലക്ഷ്യങ്ങളുടെ പ്രാദേശികവൽക്കരണത്തിന്റെയും വിവിധ പദ്ധതികളിലെ സംയോജന സാധ്യകളുടെയും സാധ്യതകൾ മനസിലാക്കി മുന്നേറാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് സാധിക്കണമെന്ന് മന്ത്രി വ്യക്തമാക്കി.

രാജ്യത്ത് ഏറ്റവും ഗുണമേൻമയുള്ള ജീവിതം നയിക്കുന്നത് കേരളത്തിലാണ്. ഈ കേരള മാതൃക കൂടുതൽ ഈടുറ്റതാക്കാൻ വാതിൽപ്പടി സേവനത്തിലൂടെയും ലൈഫ് മിഷൻ പദ്ധതിയിലൂടെയും അതിദാരിദ്ര്യ നിർമ്മാർജ്ജന യജ്ഞത്തിലൂടെയും ആയിരത്തിൽ അഞ്ചുപേർക്ക് തൊഴിൽ നൽകുന്നതിലൂടെയും മികച്ച സേവനം ലഭ്യമാക്കുന്നതിലൂടെയും സാധിക്കണമെന്ന് മന്ത്രി ഉദ്യോഗസ്ഥരോട് ആഹ്വാനം ചെയ്തു.

പഞ്ചായത്ത് വകുപ്പിൽ നിന്നും കെ എ എസിലേക്ക് നിയമന ശുപാർശ ലഭിച്ച ജീവനക്കാർക്കുള്ള പുരസ്കാര വിതരണവും മന്ത്രി എം വി ഗോവിന്ദൻ മാസ്റ്റർ നിർവഹിച്ചു. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശാരദാ മുരളീധരൻ മുഖ്യപ്രഭാഷണം നടത്തി. പഞ്ചായത്ത് ഡയറക്ടർ എച്ച് ദിനേശൻ, അഡീ. ഡയറക്ടർ എം പി അജിത് കുമാർ, ജോയിന്റ് ഡയറക്ടർ ബിനുൻ വാഹിദ് എന്നിവർ സംസാരിച്ചു.



കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം (കെസ്നിക് ) ആരംഭിക്കുന്ന എഞ്ചിനീയറിംഗ് ബിരുദധാരികൾക്കായുള്ള ഫിനിഷിങ് സ്കൂളിന്റെ സംസ്ഥാനതല ഉദ്ഘാടനം റവന്യൂ-ഭവന വകുപ്പ് മന്ത്രി കെ രാജൻ പി.ടി.പി. നഗറിലുള്ള കെസ്നക് ക്യാമ്പസിൽ വച്ച് ചൊവ്വാഴ്ച നിർവഹിക്കുന്നു.

# കുറഞ്ഞ ചെലവിൽ ഗുണനിലവാരമുള്ള കെട്ടിടങ്ങൾ നിർമിക്കും : മന്ത്രി

കേരളത്തിൽ അടിക്കടിയുണ്ടാകുന്ന ദുരന്തങ്ങളുടേയും പ്രകൃതിക്ഷോഭങ്ങളുടേയും പശ്ചാത്തലത്തിൽ പുതിയ കാലത്തിന് ഉതകുന്ന രീതിയിലുള്ള ഭവന നയം രൂപീകരിക്കുമെന്നു റവന്യു ഭവന നിർമാണ വകുപ്പ് മന്ത്രി കെ.രാജൻ പറഞ്ഞു. സംസ്ഥാന ഭവന നിർമാണ ബോർഡിൽ പുതിയതായി പ്രവേശിച്ച എൻജിനിയർമാർക്കുള്ള പരിശീലനം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

പ്രകൃതിക്കിണങ്ങും വിധമുള്ള ഭവന നിർമാണത്തിനു മുൻഗണന നൽകണമെന്നു മന്ത്രി പറഞ്ഞു. ഭവന നിർമാണ ബോർഡിനു ബൃഹത്തായ പരിശീലന കേന്ദ്രം സ്ഥാപിക്കും. ഇതിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റും. വിവിധ നിർമാണ വകുപ്പുകളിലായി ജോലി ചെയ്യുന്ന സാങ്കേതിക ഉദ്യോഗസ്ഥർക്ക് ഇതിലൂടെ വർഷം തോറും പരിശീലനം നൽകും. കെട്ടിട നിർമാണ രംഗത്ത് അത്യാധുനിക സാങ്കേതിക വിദ്യകൾ മനസിലാക്കുന്നതിനും പ്രയോഗത്തിൽ വരുത്തുന്നതിനും ഈ കേന്ദ്രത്തിലൂടെ സാധ്യമാകും. ഉദ്യോഗസ്ഥർ സാമൂഹ്യ പ്രതിബദ്ധതയോടെ ഇടപെടലുകൾ നടത്തണമെന്നും മന്ത്രി പറഞ്ഞു.

സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിൽ നടന്ന ചടങ്ങിൽ ഹൗസിങ് കമ്മിഷണർ എൻ. ദേവീദാസ്, ചീഫ് എൻജിനിയർ കെ.പി. കൃഷ്ണകുമാർ, സി എം ഡി കോർഡിനേറ്റർ പ്രൊഫ. കെ. വർഗീസ്, ഡോ. എ. സതീശൻ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

# രാജ്യസഭാ ഉപതെരഞ്ഞെടുപ്പ്: മത്സരം ഉറപ്പായി; ശൂരനാട് രാജശേഖരൻ പത്രിക സമർപ്പിച്ചു

തിരുവനന്തപുരം: രാജ്യസഭാ ഉപതെരഞ്ഞെടുപ്പിൽ സംസ്ഥാനത്തു മത്സരം ഉറപ്പായി. യുഡിഎഫ് സ്ഥാനാർഥിയായി മത്സരിക്കുന്ന കോൺഗ്രസ് നേതാവ് ഡോ.ശൂരനാട് രാജശേഖരൻ ചൊവ്വാഴ്ച നാമനിർദേശ പത്രിക സമർപ്പിച്ചു. ചൊവ്വാഴ്ച ഉച്ചകഴിഞ്ഞു 2.15 ഓടെയാണ് നിയമസഭാ സെക്രട്ടറിക്കു ശൂരനാട് രാജശേഖരൻ പത്രിക നൽകിയത്. കെപിസിസി പ്രസിഡൻറ് കെ.സുധാകരൻ, എംഎൽഎമാരായ എ.പി.അനിൽകുമാർ, എം.വിൻസെൻറ്, പി.ഉബൈദുള്ള, ടി.വി ഇബ്രാഹിം തുടങ്ങിയവർ സന്നിഹിതരായിരുന്നു. കേരള കോൺഗ്രസ്എം ചെയർമാൻ ജോസ് കെ.മാണിയാണ് രാജ്യസഭാ ഉപതെരഞ്ഞെടുപ്പിൽ എൽഡിഎഫ് സ്ഥാനാർഥി. അദ്ദേഹം കഴിഞ്ഞദിവസം നാമനിർദേശ പത്രിക സമർപ്പിച്ചിരുന്നു. യുഡിഎഫിനൊപ്പം നിന്ന് രാജ്യസഭാ സീറ്റ് വാങ്ങി എംപി ആകുകയും പിന്നീട് മുന്നണിയെ വഞ്ചിച്ച് എൽഡിഎഫിൽ ചേക്കേറുകയും ചെയ്ത ജോസ്.കെ. മാണിക്കെതിരെ സഭയിൽ ഭൂരിപക്ഷം ഇല്ലെങ്കിലും മത്സരിക്കണമെന്നത് മുന്നണിയുടെ രാഷ്ട്രീയ തീരുമാനമാണെന്നു പത്രിക സമർപ്പിച്ച ശേഷം ശൂരനാട് രാജശേഖരൻ പറഞ്ഞു.

ഈ മാസം 29നാണ് ഉപതെരഞ്ഞെടുപ്പ്. പത്രികകളിൽ ഇന്നു സൂക്ഷ്മപരിശോധന നാളെ നടക്കും. പിൻവലിക്കാനുള്ള അവസാന തീയതി 22. 29ന് രാവിലെ ഒൻപതു മുതൽ വൈകുന്നേരം നാലുവരെയാണ് പോളിംഗ്. എംഎൽഎമാരാണ് രാജ്യസഭാംഗത്തെ തെരഞ്ഞെടുക്കുന്നത്. നിയമസഭയിലെ ഇപ്പോഴത്തെ കക്ഷി നില അനുസരിച്ച് എൽഡിഎഫിന് ജയം ഉറപ്പാണ്. എൽഡിഎഫിന് 99 എംഎൽഎമാരും യുഡിഎഫിന് 41 പേരുമാണുള്ളത്.

# നവംബർ 17 ലോക സി.ഒ.പി.ഡി. ദിനം

സംസ്ഥാനത്തെ 227 സാമൂഹികാരോഗ്യ കേന്ദ്രങ്ങളിലും ഈ വർഷം ശ്വാസകോശ പുനരധിവാസ ക്ലിനിക്കുകൾ (ജൗഹാ്ീമൃ്യ ൃലവമയശഹശമേശീ) ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചതായി ആരോഗ്യ മന്ത്രി വീണാ ജോർജ് അറിയിച്ചു. ദീർഘകാല ശ്വാസകോശ രോഗങ്ങൾ കൊണ്ടുള്ള ബുദ്ധിമുട്ടുകൾ കുറയ്ക്കുന്നതിനും ജീവിത ഗുണനിലവാരം വർധിപ്പിക്കുന്നതിനും മാത്രമല്ല ശാരീരികവും മാനസികവുമായ പങ്കാളിത്തത്തിനും വളരെയധികം സഹായകമാകുന്ന ഒരു ചികിത്സാ രീതിയാണ് ശ്വാസകോശ പുനരധിവാസം. ശ്വസന വ്യായാമ മുറകൾ, എയറോബിക് വ്യായാമങ്ങൾ, പുകവലി നിർത്തുന്നതിനുള്ള സഹായം, ശ്വാസകോശ രോഗികൾ വിഷാദ രോഗങ്ങൾക്കടിമപ്പെടാതിരിക്കാനുള്ള കൗൺസലിംഗ് സേവനങ്ങൾ എന്നിവയൊക്കെയാണ് ഈ ക്ലിനിക്കുകളിലൂടെ ലഭ്യമാക്കുന്നത്. ഈ സേവനങ്ങൾ സി.ഒ.പി.ഡി. രോഗികൾക്ക് മാത്രമല്ല മറ്റു ശ്വാസകോശ രോഗികൾക്കും കോവിഡാനന്തര രോഗികൾക്കും ഒരുപോലെ സഹായമാകുന്ന ഒന്നാണ്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളിൽ ലഭ്യമായിട്ടുള്ള ഫിസിയോതെറാപ്പിസ്റ്റുകളുടെ സേവനങ്ങൾ പ്രയോജനപ്പെടുത്തിക്കൊണ്ടാണ് ക്ലിനിക്കുകൾ പ്രവർത്തനസജ്ജമാക്കുന്നതെന്നും മന്ത്രി വ്യക്തമാക്കി. കേരളത്തിൽ ഏകദേശം 5 ലക്ഷത്തിൽ പരം സി.ഒ.പി.ഡി. രോഗികളുണ്ടെന്നാണ് കണക്ക്. സി.ഒ.പി.ഡി. പ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി 'ശ്വാസ്' എന്ന പേരിൽ ഒരു നൂതന സംരംഭം ആരംഭിച്ചിട്ടുണ്ട്. ഇത്തരത്തിൽ സി.ഒ.പി.ഡി.യ്ക്കു വേണ്ടി ഒരു പൊതുജനാരോഗ്യ പദ്ധതി ഇന്ത്യയിൽ ആദ്യമായാണ് കേരളത്തിൽ ആരംഭിച്ചത്. ഈ പദ്ധതിയിലൂടെ പ്രാഥമികാരോഗ്യ കേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെയുള്ള ആശുപത്രികളിൽ സജ്ജമാക്കിയ ശ്വാസ് ക്ലിനിക്കുകളിലൂടെ സി.ഒ.പി.ഡി. രോഗികൾക്ക് കൃത്യമായ ചികിത്സ ഉറപ്പു വരുത്തുന്നു.

39 ജില്ലാ, ജനറൽ ആശുപത്രികളിലും 379 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലും ഇതിനോടകം തന്നെ ശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചു. ഈ ക്ലിനിക്കുകളിലൂടെ 20,000 ത്തിലധികം സി.ഒ.പി.ഡി. രോഗികളെ ഇതിനകം കണ്ടെത്തി ആവശ്യമായ സേവനങ്ങൾ നൽകി വരുന്നു. കൂടുതൽ ആരോഗ്യ സ്ഥാപനങ്ങളിൽ ഈ വർഷം ശ്വാസ് ക്ലിനിക്കുകൾ ആരംഭിക്കുമെന്ന് മന്ത്രി വ്യക്തമാക്കി.



രാജ്യസഭാ ഉപതിരഞ്ഞെടുപ്പിൽ ശൂരനാട് രാജശേഖരൻ നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നു

## തീയതി നീട്ടി

സർക്കാർ, സർക്കാർ എയ്ഡഡ് സ്ഥാപനങ്ങളിൽ എസ്.എസ്.എൽ.സി/ ടി.എച്ച്.എസ്.എൽ.സി, പ്ലസ് ടൂ/ വി.എച്ച്.എസ്.ഇ തലങ്ങളിൽ പഠിച്ച് എല്ലാ വിഷയങ്ങൾക്കും എ+ നേടിയ ന്യൂനപക്ഷ മത വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് പ്രൊഫ. ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ് നൽകുന്നതിനായുള്ള അപേക്ഷകളുടെ വെരിഫിക്കേഷനും അപ്രൂവലും സമർപ്പിക്കേണ്ട അവസാന തീയതി നവംബർ 20 വരെ ദീർഘിപ്പിച്ചിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്: 0471 2300524.

## ബി.ടെക് സ്പോട്ട് അഡ്മിഷൻ നവംബർ 17ന്

തിരുവനന്തപുരം എൽ.ബി.എസ് സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജിയുടെ കീഴിൽ പ്രവർത്തിക്കുന്ന പൂജപ്പുര വനിതാ എഞ്ചിനിയറിങ് കോളേജിൽ ബി.ടെക് കോഴ്സിൽ എല്ലാ ബ്രാഞ്ചുകളിലും ഒഴിവുള്ള സീറ്റുകളിലേക്ക് സ്പോട്ട് അഡ്മിഷൻ നടത്തുന്നു. താല്പര്യമുള്ള വിദ്യാർത്ഥിനികൾ നവംബർ 17ന് രാവിലെ 9.30ന് എല്ലാ അസ്സൽ സർട്ടിഫിക്കറ്റുകളും സഹിതം നേരിട്ട് ഹാജരാകണം. കേരളാ എൻട്രൻസ് (ഗഋഅങ) 2021 അല്ലെങ്കിൽ തത്തുല്യമായ മറ്റേതെങ്കിലും പ്രവേശന പരീക്ഷ പാസ്സായ യോഗ്യതാ സർട്ടിഫിക്കറ്റും സമർപ്പിക്കണം. വിശദവിവരങ്ങൾക്ക്: 9895983656,9995595456, 9497000337, 9495904240, 9605209257.

# ശബരിമല യുവതി പ്രവേശന കേസ്: ചീഫ് ജസ്റ്റീസിന് കത്തെഴുതി മുൻ തന്ത്രിയുടെ ഭാര്യ

ന്യൂഡൽഹി: ശബരിമല യുവതി പ്രവേശന കേസ് ഭരണഘടന ബെഞ്ച് പരിഗണിക്കണമെന്ന് ആവശ്യപ്പെട്ട് സുപ്രീം കോടതി ചീഫ് ജസ്റ്റിസിന് കത്ത്. മുൻ തന്ത്രി കണ്ഠരര് മഹേശ്വരരുടെ ഭാര്യ ദേവകി അന്തർജനമാണ് ചീഫ് ജസ്റ്റീസ് എൻ.വി. രമണയ്ക്ക് കത്തയച്ചത്. ശബരിമല പ്രക്ഷോഭ സമയത്ത് പോലീസ് അറസ്റ്റ് ചെയ്തതിൻറെ ഫോട്ടോയും കത്തിനൊപ്പമുണ്ട്.

യുവതി പ്രവേശന വിധി പുനഃപരിശോധിക്കണമെന്ന് ആവശ്യപ്പെട്ടുള്ള ഹർജികൾ ഭരണഘടന ബെഞ്ച് വേഗത്തിൽ പരിഗണിക്കണമെന്ന് ദേവകി അന്തർജനം ആവശ്യപ്പെട്ടു. പ്രധാനമന്ത്രി നരേന്ദ്ര മോദി, രാഹുൽ ഗാന്ധി എന്നിവർ വിശ്വാസികളുടെ ആവശ്യത്തെ പിന്തുണച്ചിട്ടുണ്ട്. തനിക്ക് 87 വയസായി, വിധി കേൾക്കുവാൻ വേണ്ടി താൻ ജീവിച്ചിരിക്കുമോ എന്ന് അറിയിലെന്നും ദേവകി അന്തർജനം കത്തിൽ പറയുന്നു.

ശബരിമല വിധിക്കെതിരെയുള്ള പുനഃപരിശോധന ഹർജികളിൽ തീരുമാനമെടുക്കാൻ ചീഫ് ജസ്റ്റിസായിരുന്ന എസ്.എ. ബോബ്ഡെ ഒമ്പതംഗ ഭരണഘടന ബെഞ്ച് രൂപീകരിച്ചെങ്കിലും തുടർനടപടികൾ ഉണ്ടായില്ലായിരുന്നു. ആ ബെഞ്ചിലെ ജസ്റ്റീസ് ബോബ്ഡെ ഉൾപ്പടെ പല ജഡ്ജിമാരും വിരമിച്ചിരുന്നു. ഈ സാഹചര്യത്തിൽ പുതിയ ഭരണഘടന ബെഞ്ച് രൂപീകരിക്കേണ്ടിവരും.

# മദ്യപിക്കാൻ കാശ് നൽകാത്തതിന് ഭാര്യയെ ആക്രമിച്ച ഭർത്താവ് പിടിയിൽ

വെള്ളറട: മദ്യപിക്കാൻ കാശ് നൽക്കാത്തതിന് ഭാര്യയെ കല്ലു കൊണ്ട് എറിഞ്ഞു വീഴ്ത്തിയ ഭർത്താവ് പിടിയിൽ. വെള്ളറട കാരമൂട് കരിമരം മിച്ചഭൂമി കോളനിയിൽ അനിൽകുമാറി(32)നെയാണ് പിടികൂടിയത്.

ഇന്നലെ രാവിലെ 11.30നാണ് സംഭവം. സ്ഥിരം മദ്യപാനിയായ ഇയാൾ ഭാര്യ രാഗിണി(28)യോട് മദ്യപിക്കുവാൻ കാശ് ചോദിക്കുകയും അത് കൊടുക്കാത്തതിൽ പ്രകോപിതനായി തറയിൽ കിടന്ന കല്ലെടുത്ത് തലയ്ക്ക് എറിഞ്ഞ് മുറിവേൽപ്പിക്കുകയുമായിരുന്നു. ആക്രമണം നടത്തിയ ശേഷം ഇയാൾ ഓടിരക്ഷപ്പെടുകയായിരുന്നു.

ബഹളം കേട്ട് ഓടി എത്തിയ നാട്ടുകാരാണ് രാഗിണിയെ ആശുപത്രിയിൽ എത്തിച്ചത്. അനിൽകുമാറിനെ കണ്ടെത്തിയ നാട്ടുകാർ ഉടൻ വിവരം പൊലീസിനെ അറിയിക്കുകയായിരുന്നു. പൊലീസിനെ ആക്രമിച്ചിട്ട് ഓടിരക്ഷപ്പെടാൻ ശ്രമിച്ചുവെങ്കിലും സിഐ മൃദുൽകുമാറിന്റെ നേതൃത്വത്തിലുള്ള സംഘം ഇയാളെ പിന്തുടർന്ന് പിടികൂടി. എഎസ്ഐ ശശികുമാർ, ജോസ്, അനീഷ്, പ്രഭുലകുമാർ, സജിൻ, സുനിൽ, ദീപു അടങ്ങുന്ന സംഘമാണ് പ്രതിയെ പിടികൂടിയത്. കോടതിയിൽ ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## സ്പോട്ട് അഡ്മിഷൻ

നെടുംകണ്ടം സർക്കാർ പോളിടെക്നിക് കോളേജിൽ 202122 അധ്യയന വർഷത്തേക്കുള്ള കമ്പ്യൂട്ടർ എൻജിനിയറിങ്, കമ്പ്യൂട്ടർ ഹാർഡ്വെയർ എൻജിനിയറിങ്, ഇലക്ട്രോണിക്സ് എൻജിനിയറിങ് കോഴ്സുകളിലേക്കുള്ള സ്പോട്ട് അഡ്മിഷൻ നവംബർ 18ന് കോളേജ് ഓഫീസിൽ നടത്തും. പ്രവേശനത്തിനായി വരുന്നവർ അപേക്ഷ സമയത്ത് സമർപ്പിച്ച എല്ലാ അസൽ സർട്ടിഫിക്കറ്റുകളും ഫീസുമായി രക്ഷകർത്താവിനോടൊപ്പം എത്തണം. കൂടുതൽ വിവരങ്ങൾക്ക്: 04868234082, 9847347487.

## നഴ്സിങ് അസിസ്റ്റന്റ് കോൺട്രാക്റ്റ് നിയമനം

തിരുവനന്തപുരം റീജിയണൽ കാൻസർ സെന്ററിൽ നഴ്സിംഗ് അസിസ്റ്റന്റ് തസ്തികയിലേക്ക് കോൺട്രാക്ട് അടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷകൾ ക്ഷണിച്ചു. അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി ഡിസംബർ 4ന് വൈകിട്ട് 3.30 വരെ. വിശദ വിവരങ്ങൾക്കു www.r-c-c-tvm.gov.in എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# സമഭാവനയുടെ സത്കലാശാലകൾ: സംസ്ഥാനതല ശിൽപശാല മന്ത്രി ഉദ്ഘാടനം ചെയ്യും

കലാലയങ്ങളിൽ ലിംഗനീതിയും സാമൂഹ്യനീതിയും ഉറപ്പാക്കുന്നതിന്റെ ഭാഗമായി ഉന്നതവിദ്യാഭ്യാസ വകുപ്പ് 'സമഭാവനയുടെ സത്കാലാശാലകൾ' എന്ന പേരിൽ നടത്തും. ഇതിന്റെ ഉദ്ഘാടനം 17ന് രാവിലെ 9.30ന് ഉന്നതവിദ്യാഭ്യാസ മന്ത്രി ഡോ.ആർ. ബിന്ദു നിർവഹിക്കും. തുടർന്ന് ഈ വിഷയത്തിൽ ശിൽപശാല നടക്കും. 18നും ശിൽപശാല തുടരും.

തിരുവനന്തപുരം കെ.ടി.ഡി.സി ഗ്രാന്റ് ചൈത്രം ഹോട്ടലിലാണ് ശിൽപശാല നടക്കുക. ജൻഡർ അവബോധം വളർത്തിയെടുക്കുന്നതിനായി യുവതലമുറയെ സജ്ജമാക്കുക, നിലനിൽകുന്ന ലിംഗവേചനത്തിന്റെ സ്വാഭാവികമെന്നു തോന്നിപ്പിക്കുന്ന ഭിന്നമുഖങ്ങൾ മാറ്റിയെടുക്കുക, തിരിച്ചറിയുന്ന വിവേചനങ്ങളെ പ്രകടമായ വിവേചനത്തെ തിരുത്തുക, ലിംഗപദവിയുടെ വിവിധ വശങ്ങൾ ശാസ്ത്രീയത, നിയമം മുതലായവ പഠിക്കുക, കലായങ്ങളിലെ പൊതു ഇടങ്ങളിൽ ജൻഡർ സൗഹൃദപരമാക്കുക, പരാതിസെല്ലുകളെ ഫലപ്രദമായി പ്രവർത്തനത്തിൽ കൊണ്ടുവരുക, മുഖ്യ അധ്യാപിക മുതൽ വാർഡനും സെക്യൂരിറ്റിയും വരെയുണ്ടാകേണ്ട സ്ത്രീസൗഹൃദ അന്തരീക്ഷം ഉറപ്പാക്കുക, സ്വയരക്ഷയ്ക്കുള്ള തയ്യാറെടുപ്പുകൾക്ക് പ്രാപ്തമാക്കുക, ജെൻഡർ അവബോധം ജീവിതശൈലിയാക്കുക, കലാലയങ്ങളെയും സൗഹൃദങ്ങളെയും ലിംഗചൂഷണ മുക്തമാക്കുക എന്നിവയാണ് പരിപാടിയുടെ ലക്ഷ്യമെന്ന് മന്ത്രി വാർത്താസമ്മേളനത്തിൽ അറിയിച്ചു. ഈ പരിപാടി സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടത്തും. ചടങ്ങിൽ

ഉന്നതവിദ്യാഭ്യാസ കൗൺസിൽ വൈസ്ചെയർമാൻ രാജൻ ഗുരുക്കൾ മുഖ്യ പ്രഭാഷണം നടത്തും.

ഹിംസാത്മകതയുടെയും അവമതികളുടെയും വിഷയങ്ങൾ അതാത് അവസരങ്ങിൽ അഭിസംബോധന ചെയ്യപ്പെടണമെന്ന കാഴ്ചപ്പാടോടെയാണ് പ്രചാരണ പരിപാടികൾ ആവിഷ്കരിക്കുന്നത്. ഇത്തരം വിഷയങ്ങളിൽ സാധാരണമായ മൗനങ്ങളും അലംഭാവങ്ങളും നിസ്സംഗതകളും താമസംവിനാ നീക്കപ്പെടണമെന്ന് ഉന്നതവിദ്യാഭ്യാസ വകുപ്പ് കരുതുന്നതായി മന്ത്രി പറഞ്ഞു.

കരിക്കുലത്തിലും സിലബസിലും ഇതിനു വേണ്ട മാറ്റങ്ങൾ ഉണ്ടാകണം. സ്ഥാപനങ്ങളിലെ അന്തരീക്ഷവും ഇതനുസരിച്ച് പുതുക്കണം. ഇന്റേണൽ കംപ്ലൈന്റ്സ് കമ്മിറ്റികൾ മാനദണ്ഡപ്രകാരം പ്രവർത്തിക്കുന്നത് ഉറപ്പാക്കണം. ഇരയെ കുറ്റപ്പെടുത്താനല്ല, നീതി ഉറപ്പാക്കാനാണ് ഈ സംവിധാനങ്ങൾ എന്നത് സ്ഥാപിക്കപ്പെടണം. ഉന്നതവിദ്യാഭ്യാസ വകുപ്പ് ഇതിനകം നിർദ്ദേശിച്ചിട്ടുള്ള ജെൻഡർ ജസ്റ്റിസ് ഫോറങ്ങൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കണം. ഇക്കാര്യങ്ങളെല്ലാം ശില്പശാല വിശദമായി ചർച്ചചെയ്യുമെന്ന് മന്ത്രി പറഞ്ഞു.

Edited, Printed, Published & owned by Yesudas William,`Darpan', T.C 76/189 (1), Thoppil Lane, Anayara P.O, Thiruvananthapuram-29. Printed at Prabhatha Vartha Printers, TC. 21/1921, ERA-S-35, Elankam Lane, Nedumcadu. Karamana P.O,Tvpm-695002. e-mail: nauticaltimeskerala@gmail.com, Phone: 0471-2742840, 9446345353.